## അല്ലാഹുവിന്റെ വചനം

وَاٰتُوا النِّسَآءَ صَدُقٰتِهِنَّ نِحۡلَةً ؕ فَاِنۡ طِبۡنَ لَكُمۡ عَنۡ شَىۡءٍ مِّنۡهُ نَفۡسًا فَكُلُوۡهُ هَنِيۡٓـئًا مَّرِيۡٓـئًا ○

(النساء:5)

‘സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യം മനഃസംതൃപ്തിയോടെ നല്കുക; പിന്നീട് അവർ സ്വമനസ്സാലെ തൃപ്തിപ്പെട്ടുകൊണ്ട് അതിൽനിന്ന് വല്ലതും നിങ്ങൾക്കു വിട്ടുതരുന്നതായാൽ സന്തോഷപൂർവം അത് ആസ്വാദ്യമായി ഭക്ഷിച്ചുകൊള്ളുക.’(4:05)

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ


വാല്യം 5

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 23

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജൂൺ 04/ഹി.ശം. 1399 ഇഹ്സാൻ 04/1441 ശവ്വാൽ 11


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ജനങ്ങൾ നമസ്കാരത്തിൽ അലസന്മാരും മടിയന്മാരും ആകുന്നത് അവർക്ക് അല്ലാഹു നമസ്കാരത്തിൽ വെച്ചിട്ടുള്ള സ്വാദോ ആനന്ദമോ അറിയാത്തതാണെന്ന് ഞാൻ കാണുന്നു.**

**അല്ലാഹുവിനോട് അങ്ങേയറ്റം ചുട്ടുനീറ്റലോടും ഒരു ആവേശത്തോടുംകൂടി ഇങ്ങനെ ദുആ ചെയ്യണമെന്നാണ്. അല്ലാഹുവേ, എപ്രകാരം നീ ഫലവർഗങ്ങൾക്കും വസ്തുക്കൾക്കും പലരീതിയിലുള്ള സ്വാദുകൾ പ്രദാനം ചെയ്തിരിക്കുന്നുവോ നമസ്കാരത്തിലും ആരാധനയിലും വെച്ചിട്ടുള്ള സ്വാദ് ഒരു തവണയെങ്കിലും രുചിപ്പിച്ചാലും.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദാസത്വവും പരിപാലനത്വവും തമ്മിലുള്ള ബന്ധത്തിന്റെ യാഥാർഥ്യം.

എനിക്കു കഠിനമായ അസ്വസ്ഥത ഉണ്ടാകുന്നു; ചിലപ്പോഴൊക്കെ ഈ ദുഃഖം എന്റെ ജീവനെ തിന്നാൻ തുടങ്ങുന്നു; ഒരു ദിവസം ഭക്ഷണം കഴിക്കുമ്പോൾ ഒരാൾക്ക് വായ്ക്ക് രുചി അനുഭവപ്പെടുന്നില്ലെങ്കിൽ അയാൾ ഡോക്ടറുടെ അടുക്കൽ പോകുന്നു. എങ്ങനെയൊക്കെയുള്ള നേർച്ചകളും വഴിപാടുകളുമാണ് നേരുന്നത്. ഭക്ഷണത്തിലുള്ള ആ സ്വാദ് വീണ്ടെടുക്കാൻ പണം ചെലവഴിക്കുകയും വിഷമങ്ങൾ ഏറെ സഹിക്കുകയും ചെയ്യുന്നു. തന്റെ ഭാര്യയിൽനിന്ന് ലൈംഗിക സുഖം കിട്ടാത്തവൻ ചിലപ്പോൾ പരിഭ്രമചിത്തനായി ആത്മഹത്യ ചെയ്യാൻവരെ തീരുമാനിക്കുന്നു. മിക്ക ആത്മഹത്യകളും ഇത്തരത്തിലുള്ളതാണ്. എന്നാൽ, ആഹ്! ആത്മാവിനു രോഗമുള്ളവനും ആരാധനയിൽ സ്വാദുണ്ടാകാതെ പരാജയപ്പെട്ടവനും എന്തുകൊണ്ട് അതിനുവേണ്ടി ശ്രമിക്കുന്നില്ല? അവനെന്തുകൊണ്ട് അതു കിട്ടാത്തതിന്റെ ദുഃഖത്താൽ തളർന്നുപോകുന്നില്ല? തന്റെ ഭൗതിക സന്തോഷത്തിനുവേണ്ടി അവൻ ചെയ്യാത്തത് വല്ലതുമുണ്ടോ? എന്നാൽ, അനശ്വരവും യഥാർഥവുമായ ആസ്വാദനങ്ങളുടെ ആ ദാഹവും ആവേശവും അവനുണ്ടാകുന്നില്ല. അവൻ എത്രമാത്രം ദൗർഭാഗ്യനാണ്! എത്രമാത്രം ഒന്നും കിട്ടാത്തവനാണ്!താൽക്കാലികവും നശ്വരവുമായ സുഖലബ്ധിക്കുവേണ്ടി ചികിത്സ തിരഞ്ഞു നടക്കുകയും അത് കണ്ടെത്തുകയും ചെയ്യുന്നു. അപ്പോൾ എന്നെന്നും നിലനില്ക്കുന്നതും അനശ്വരവുമായ സ്വാദ് ലഭിക്കാൻ ചികിത്സ ഉണ്ടാകുകയില്ലേ? ഉണ്ട്! തീർച്ചയായും ചികിത്സയുണ്ട്! സത്യാന്വേഷണത്തിൽ സുസ്ഥിരതയും ഓടുന്ന ചുവടും ആവശ്യമാണെന്ന് മാത്രം. വിശുദ്ധ ഖുർആനിൽ ഒരിടത്ത് അല്ലാഹു സാത്വികരായവരെ സ്ത്രീകളോടു ഉദാഹരിച്ചു പറയുന്നുണ്ട്. അതിലും രഹസ്യവും നിഗൂഢതയുമുണ്ട്. വിശ്വാസികളായ പുരുഷന്മാരെ മർയമിനോടും ആസിയായോടുമാണ് ഉപമിച്ചു പറഞ്ഞിട്ടുള്ളത്. അതായത് അല്ലാഹു അന്യാരാധകരിൽനിന്ന് വിശ്വാസികളെ സൃഷ്ടിക്കുന്നു. സ്ത്രീകളുമായി ഉപമിച്ചു പറഞ്ഞതിൽ അതിസൂക്ഷ്മമായ ഒരു രഹസ്യത്തിന്റെ പ്രകടനമുണ്ട്. അതായത് ഭാര്യാഭർത്താക്കന്മാർ തമ്മിൽ ബന്ധപ്പെടുന്നതുപോലെ മനുഷ്യന്റെ ദാസത്വവും അല്ലാഹുവിന്റെ പരിപാലനത്വും തമ്മിൽ ബന്ധമുണ്ട്. ഭാര്യയും ഭർത്താവും തമ്മിൽ പരസ്പരം സാത്വികമായ ബന്ധമുണ്ടാകുകയും ഒരാൾ മറ്റൊരാളിൽ ആകർഷിക്കപ്പെടുകയുമാണെങ്കിൽ അവർ അനുഗൃഹീതരും ഫലമുളവാക്കുന്നവരുമായ ഇണകളായിരിക്കും. ഇല്ലെങ്കിൽ കുടുംബവ്യവസ്ഥിതി തകർന്നു പോകുന്നു; യഥാർഥ ലക്ഷ്യം കരസ്ഥമാകുകയുമില്ല. പുരുഷൻ മറ്റു സ്ഥലങ്ങളിൽപോയി നൂറുക്കണക്കിന് രോഗങ്ങൾ കൊണ്ടുവരുന്നു. ഉഷ്ണരോഗം പിടിപ്പെട്ട് പുണ്ണുപിടിച്ച് ലോകത്തുതന്നെ എല്ലാം നിഷേധിക്കപ്പെട്ടവനായിത്തീരുന്നു. ഇനി കുട്ടികളുണ്ടാകുകയാണെങ്കിൽത്തന്നെ അതിന്റെ ബാധ തലമുറകൾവരെ നിലനില്ക്കുകയും ചെയ്യുന്നു. ഭാര്യയാണെങ്കിൽ നീചമായ പ്രവർത്തനത്തിലേർപെട്ട് ചുറ്റിക്കറങ്ങി നടക്കുന്നു. മാനവും നിലയും മുക്കിക്കളഞ്ഞാലും യഥാർഥ സുഖം ലഭിക്കുകയില്ല. ചുരുക്കത്തിൽ അത്തരം ദമ്പതികളിൽനിന്ന് എത്രമാത്രം ദുഷ്ഫലങ്ങളും കുഴപ്പങ്ങളുമാണുണ്ടാകുന്നത്. ഇപ്രകാരം മനുഷ്യൻ ആത്മീയഇണകളിൽനിന്ന് വേറിട്ട് കുഷ്ഠരോഗിയും തിരസ്കൃതനുമായിത്തീരുന്നു. ഭൗതികരായ ഇണകളെക്കാൾ അധികം വിഷമങ്ങൾക്കും വിപത്തുകൾക്കും കുറിമാനമായിത്തീരുന്നു. സദ്വൃത്തരായ ഇണകളിൽനിന്ന് ഒരു തരത്തിലുള്ള അനശ്വരമായ സുഖമാണ് ലഭിക്കുന്നത്. ഇപ്രകാരം ദാസത്വവും പരിപാലനത്വവും തമ്മിലുള്ള ഇണകളിൽ അനശ്വരമായയൊരു സുഖാനുഭൂതിയുണ്ട്. സ്വൂഫികൾ പറയുന്നു: ആർക്കാണോ ഈ സുഖാനുഭൂതി ലഭിക്കുന്നത് അവൻ ലോകത്തിലും അതിലുമുള്ള സുഖാനുഭൂതിയെക്കാൾ അധികം അതിനെ മുന്തിക്കുന്നു. മുഴുവൻ ആയുസ്സിലും ഒരിക്കലെങ്കിലും അവനത് രുചിച്ചറിയുകയാണെങ്കിൽ അതിൽത്തന്നെ അവൻ വിലയം പ്രാപിച്ചിരിക്കുന്നതായിരിക്കും. പക്ഷേ, ലോകത്ത് കൂടുതലാളുകളും അത്തരക്കാരല്ലെന്നതാണ് ബുദ്ധിമുട്ട്. അവർ ഈ രഹസ്യം മനസ്സിലാക്കിയില്ല. അവരുടെ നമസ്കാരം തലകുത്തിമറിയൽ മാത്രമാണ്. ബാഹ്യമായ മനസ്സോടുകൂടി ഒരു തരത്തിലുള്ള സങ്കോചവും സമ്മർദവും കൊണ്ട് സഭാമര്യാദ എന്ന നിലയിലാണ് അതുണ്ടാകുന്നത്. ചിലയാളുകൾ തങ്ങൾ ലോകത്ത് ആദരണീയരും സുസമ്മതരുമാണെന്ന് മനസ്സിലാക്കപ്പെടുന്നതിനുവേണ്ടിയാണ് നമസ്കരിക്കുന്നത്. പിന്നീട് ഈ നമസ്കാരംകൊണ്ട് അവർക്ക് വലിയ നമസ്ക്കാരക്കാരും മുത്തഖികളുമാണെന്നുമുള്ള സ്ഥാനവും കരസ്ഥമാകുന്നു. ഇതൊക്കെ കാണുമ്പോൾ എനിക്ക് വളരെ വിഷമമുണ്ടാകുന്നു. പിന്നീട് എന്തുകൊണ്ട് അവർക്ക് ഈ തിന്നുകളയുന്ന ദുഃഖമുണ്ടാകുന്നില്ല; അതായത് അയഥാർഥവും ഹൃദയസാന്നിധ്യം ഇല്ലാത്തതുമായ നമസ്കാരത്താൽ അവർക്ക് ഭൗതികലോകത്ത് ഈ നില കരസ്ഥമാക്കാമെങ്കിൽ പിന്നെന്തുകൊണ്ട് ഒരു സത്യസന്ധനായ ആരാധകനാകുന്നതുകൊണ്ട് അവന് ആദരവും ബഹുമാനവും ലഭിക്കുകയില്ല.

### നമസ്കാരത്തിൽ നിർവൃതി ഉണ്ടാകാത്തതിന്റെ കാരണവും അതിനുള്ള ചികിത്സയും

ജനങ്ങൾ നമസ്കാരത്തിൽ അലസന്മാരും മടിയന്മാരും ആകുന്നത് അവർക്ക് അല്ലാഹു നമസ്കാരത്തിൽ വെച്ചിട്ടുള്ള സ്വാദോ ആനന്ദമോ അറിയാത്തതാണെന്ന് ഞാൻ കാണുന്നു. വലിയ കാരണം ഇതുതന്നെയാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും ഇതിനെക്കാൾ വലിയ മടിയും അലസതയുമാണുള്ളത്. അമ്പതുശതമാനം ആളുകൾപോലും പൂർണമായ ഉത്സാഹത്തോടും സത്യസന്ധമായ സ്നേഹത്തോടുംകൂടി തങ്ങളുടെ യഥാർഥ യജമാനന്റെ തിരുസന്നിധിയിൽ തലകുനിക്കുന്നില്ല. അപ്പോൾ എന്തുകൊണ്ട് അവർ ഈ നിർവൃതിയെക്കുറിച്ചറിയുന്നില്ല എന്നതാണ് പ്രശ്നം. ഒരിക്കൽപോലും അവർ ഈ നിർവൃതി രുചിച്ചറിഞ്ഞിട്ടില്ല. മതങ്ങളിൽ അത്തരം കല്പനകളുമില്ല. ചിലപ്പോൾ അവർ

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദർ ബോർഡ്,ഖാദിയാൻ

നിങ്ങളുടെ എല്ലാ കഴിവുകളും പ്രവർത്തനത്തിൽകൊണ്ടുവന്ന് അറിവിന്റെ മൈതാനത്ത് മുസ്‌ലിമീങ്ങൾക്ക് നഷ്ടപ്പെട്ട മഹത്ത്വം നബി(സ)തിരുമേനിയുടെ സേവകൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിഷ്യന്മാർ മുഖേന തിരിച്ചുകൊണ്ടുവരാൻ ശ്ലാഘനീയമായ കർമങ്ങൾ ചെയ്യുക.

ഞാൻ ദുആ ചെയ്യുന്നു:

അല്ലാഹു നിങ്ങൾക്ക് അറിവിലും ജ്ഞാനത്തിലും അഭിവൃദ്ധിനില്കുമാറാകട്ടെ, നിങ്ങളുടെ ബുദ്ധിയെ തെളിർമയാർന്നതാക്കട്ടെ, നിങ്ങളെ ജനങ്ങൾക്ക് പ്രയോജനമുള്ളവരാക്കട്ടെ.

# നളാറത്ത് തഅ്‌ലീം ഖാദിയാൻ സംഘടിപ്പിച്ച അഹ്മദിയ്യ മുസ്‌ലിം റിസർച്ച് സ്കോളേഴ്സ് കോൺഫ്രൻസിൽ അമീറുൽ മുഅ്മിനീന്റെ പ്രത്യേക സന്ദേശം.

ഖാദിയാനിൽ സംഘടിപ്പിച്ചിട്ടുള്ള പി.എച്ച്.ഡി വർക്ഷാപ്പിൽ പങ്കെടുക്കുന്ന എന്റെ പ്രിയപ്പെട്ടവരേ!

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു.*

പി.എച്.ഡി. ചെയ്തു കഴിഞ്ഞിട്ടുള്ളവരേയും ചെയ്തുകൊണ്ടിരിക്കുന്നവരേയും പങ്കെടുപ്പിച്ചുകൊണ്ട് ഖാദിയാനിൽ ഒരു വർക്ഷാപ്പ് സംഘടിപ്പിക്കുന്നുവെന്നറിഞ്ഞതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. അല്ലാഹു ഇതിനെ എല്ലാവിധത്തിലും അനുഗ്രഹിക്കുമാറാകട്ടെ. സൽഫലങ്ങൾ കൊണ്ടുവരുമാറാകട്ടെ. ആമീൻ

എന്നോടു ഈ സന്ദർഭത്തിൽ സന്ദേശം അയക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അല്ലാഹു നിങ്ങൾക്ക് അറിവിലും ജ്ഞാനത്തിലും അഭിവൃദ്ധി പ്രദാനം ചെയ്യുമാറാകട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു; നിങ്ങളുടെ ബുദ്ധിയെ തെളിച്ചമുള്ളതാക്കട്ടെ. നിങ്ങളെ ജനങ്ങൾക്ക് പ്രയോജനമുള്ളവരാക്കി തീർക്കട്ടെ. ആമീൻ

നിങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് ലഭിച്ചുവെന്നത് അല്ലാഹുവിന്റെ വളരെ വലിയ ഔദാര്യമാണ്. അങ്ങനെയുള്ളവർക്ക് അല്ലാഹു ജമാഅത്തിന്റെ അഭിവൃദ്ധിയും അനുധാവനം ചെയ്യുന്നവരുടെ അറിവിലും ജ്ഞാനത്തിലും ശ്രേഷ്ഠത കൈവരിക്കുമെന്നുള്ള മഹത്തായ സുവാർത്തയും പ്രദാനം ചെയ്തിരിക്കുന്നു. അവിടന്ന് പറയുന്നു:

"എനിക്ക് ഒരു മഹത്ത്വം നല്കുമെന്നും എന്നോടുള്ള സ്നേഹം ജനമനസ്സുകളിൽ കുടിയിരുത്തുമെന്നും എന്റെ ജമാഅത്തിനെ മുഴുലോകത്തും വ്യാപിപ്പിക്കുമെന്നും എല്ലാ കക്ഷികളുടേയുംമേൽ എന്റെ കക്ഷി വിജയിക്കുമെന്നും എന്റെ കക്ഷിയിൽപ്പെട്ടവർ അറിവിലും ജ്ഞാനത്തിലും അതിശ്രേഷ്ഠത കൈവരിക്കുമെന്നും തങ്ങളുടെ സത്യത്തിന്റെ വെളിച്ചവും തങ്ങളുടെ തെളിവുകളുടേയും അടയാളങ്ങളുടേയും അടിസ്ഥാനത്തിൽ സകലരുടേയും വായ അടപ്പിക്കുന്നതാണെന്നും എനിക്ക് ആവർത്തിച്ച് അല്ലാഹു വിവരം നല്കി."(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസാഇൻ വാല്യം 20 പേജ് 409)

ദൈവികസുവിശേഷങ്ങളുടെ സാക്ഷാത്കാരമാകാൻ അറിവിലും ജ്ഞാനത്തിലും അതിശ്രേഷ്ഠത കൈവരിക്കാൻ കഴിവിന്റെ പരമാവധി ശ്രമിക്കുക എന്നത് ഓരോ അഹ്മദിയുടേയും ചുമതലയാണ്. നിങ്ങൾ ഉന്നത വിദ്യാഭ്യാസത്താൽ വിഭൂഷിതരാണെന്നതിൽ സംശയമില്ല; അല്ലെങ്കിൽ ഉന്നത വിദ്യഭ്യാസം കരസ്ഥമാക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷേ, ഓർക്കുക, അറിവിന് അവസാനമില്ല. അഭിവൃദ്ധിയിലേക്കുള്ള യാത്ര ഒരിക്കലും അവസാനിക്കുകയില്ല. മനുഷ്യൻ ജീവിതം മുഴുവൻ അറിവ് പഠിച്ചുകൊണ്ടിരിക്കണം. നിങ്ങളും നിങ്ങളുടെ അറിവ് തുടർച്ചയായി വർധിപ്പിച്ചുകൊണ്ടിരിക്കുക. അറിവ് വർധിക്കാൻ അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരിക്കുക. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിക്കൽ പറഞ്ഞിരുന്നു, 'ട്രൈനിലോ വിമാനത്തിലോ യാത്ര ചെയ്യുമ്പോൾ ആഹ്! ഇത് ഏതെങ്കിലും അഹ്മദി കണ്ടുപിടിച്ചതായിരുന്നെങ്കിൽ!അവർ ആ കമ്പനികളുടെ ഉടമകളായിരുന്നെങ്കിൽ! എന്ന് എന്റെ മനസ്സിൽ തോന്നാറുണ്ട്.'(താരീഖെ അഹ്മദിയ്യത്ത് വാല്യം 17, പേജ് 101)

ആ മഹാത്മാവിന്റെ ഈ നല്ല ആഗ്രഹങ്ങളേയും നിങ്ങളുടെ മനസ്സുകളിൽ ഓർക്കുക. നിങ്ങളുടെ എല്ലാ കഴിവുകളും പ്രവർത്തനത്തിൽകൊണ്ടുവന്ന് അറിവിന്റെ മൈതാനത്ത് മുസ്‌ലിമീങ്ങൾക്ക് നഷ്ടപ്പെട്ട മഹത്ത്വം നബി(സ)തിരുമേനിയുടെ സേവകൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിഷ്യന്മാർ മുഖേന തിരിച്ചുകൊണ്ടുവരാൻ ശ്ലാഘനീയമായ കർമങ്ങൾ ചെയ്യുക.

അല്ലാഹു നിങ്ങൾക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ. നിങ്ങളുടെ ഓരോ ചുവടിലും തന്റെ സഹായങ്ങൾ നല്കുമാറാകട്ടെ. മനുഷ്യകുലത്തിന് ഗുണപ്രദമായിട്ടുള്ള അത്തരം ജോലികൾ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകട്ടെ. നിങ്ങളെ അഹ്മദിയ്യാ ചക്രവാളത്തിലെ തിളക്കമാർന്ന നക്ഷത്രങ്ങളാക്കുമാറാകട്ടെ. ആമീൻ.

വസ്സലാം

വിനീതൻ, ഒപ്പ്

**(മിർസാ മസ്റൂർ അഹ്മദ്)**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

*ഹുദൂർ അൻവർ അയ്യദഹുല്ലാഹ്*
*നിങ്ങളുടെ കത്തുകൾ വായിക്കുകയും*
*നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളംബരം ചെയ്യുകയാണ്:

"അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവുവന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നി ങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽനിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ.

(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)

### ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

## ഖുത്ബ ജുമുഅ

ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ചേർന്നു നിന്നെങ്കിൽ മാത്രമേ ദൈവത്തിനും ദാസർക്കുമിടയിൽ യഥാർഥ ബന്ധം സ്ഥാപിക്കുന്നതിനുള്ള ശരിയായ രീതി നമുക്ക് ലഭ്യമാകുകയും ജീവനുള്ള ദൈവത്തിൽ ദൃഢജ്ഞാനം കൈവരികയും അവന്റെ തൃപ്തിയിൽ തൃപ്തരായിരിക്കുവാനുള്ള ഉന്നതനിലവാരം പ്രാപ്തമാകുകയും ചെയ്യുകയുള്ളൂ.

എന്തെങ്കിലും ചോദിക്കണമെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. മറ്റുള്ളവരോട് ഒരിക്കലും ആവശ്യപ്പെടരുത്. ഇത് അങ്ങേയറ്റം നിർബന്ധമായ വിശേഷതയാണ്. അത് എല്ലാ വഖ്ഫെ സിന്ദഗിമാരും സ്വായത്തമാക്കാൻ പരിശ്രമിക്കേണ്ടതാണ്.

നമ്മുടെ എല്ലാ ഡോക്ടർമാരും ഇക്കാര്യം സ്വായത്തമാക്കേണ്ടതാണ്. കേവലം നിങ്ങളുടെ ജോലിയുടെ യോഗ്യതയിൽ വിശ്വസിക്കരുത്. മരുന്നുകളിൽമാത്രം വിശ്വാസം കൊള്ളരുത്. ചികിത്സക്കിടയിൽ രോഗികളോടു നല്ലനിലയിൽ പെരുമാറുന്നതിനോടൊപ്പം അവർക്കുവേണ്ടി ദുആയും തീർച്ചയായും ചെയ്യുക. നഫ്ൽ നമസ്കരിക്കുകയാണെങ്കിൽ അത് വളരെ നല്ല കാര്യമാണ്.

ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന ബയ്അത്ത് പ്രതിജ്ഞ തങ്ങളുടെ കഴിവിന്നനുസരിച്ച് നിറവേറ്റിയവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ചെയ്ത ബയ്അത്തിനോടുള്ള കടമ നിറവേറ്റിയവരും അഹ്മദിയ്യാ ഖിലാഫത്തിനോടു പരിപൂർണമായ കൂറും ആത്മാർഥമായ ബന്ധവും പുലർത്തിയിരുന്നവരും സൃഷ്ടികളോടുള്ള കടമ നിറവേറ്റിയവരും ഇസ്ലാമിന്റെ ഏതൊരു മനോഹരമായ അധ്യാപനമനുസരിച്ച് ആളുകളെ കർമങ്ങൾ ചെയ്യിക്കാനാണോ നബി(സ)തിരുമേനിയുടെ സത്യസേവനെ അല്ലാഹു അയച്ചത് അതിന്റെ കർമപരമായരൂപം തങ്ങളിൽ സ്ഥാപിച്ചവരുമായ മൂന്നു പരേതാത്മാക്കൾ.

വഖ്ഫ് ജീവിതത്തിന് മാതൃക ഇന്തൊനേഷ്യയിലെ റീജ്യണൽ മുബല്ലിഗ് ദുൽഫിഖാർ അഹ്മദ് ഡമനിക്(ഉമാമിശസ) സാഹിബ്, സഹതാപിയും നിസ്വാർഥനുമായ ഡോക്ടർ പീർ മുഹമ്മദ് നഖിയുദ്ദീൻ സാഹിബ് ഇസ്ലാമാബാദ്, പാക്കിസ്താൻ, വഖ്ഫ് ജീവിതത്തിന്റെ വികാരത്തോടെ സേവനം ചെയ്ത, പ്രൈവറ്റ് സെക്രട്ടറി ഓഫീസിലെ സന്നദ്ധ സേവകൻ ഗുലാം മുസ്തഫാ എന്നിവരെ കുറിച്ചുള്ള അനുസ്മരണം.

**'ഇക്കൂട്ടർ ശഹീദുമാരിൽപ്പെട്ടവരാണെന്ന്'......... ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരുന്നു**

**ഖുത്ബ ജുമുഅ 2020 മെയ് 01/1399 ഹിജിറത്ത് 01**
**മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്, ടിൽഫോർഡ് (സർറെ) യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُولُهٗ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ-
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇപ്പോൾ ഞാൻ പരേതരായ ചിലരെ അനുസ്മരിക്കാൻ ആഗ്രഹിക്കുകയാണ്. അവരെല്ലാവരും വ്യത്യസ്ത ജോലിയുമായി ബന്ധപ്പെട്ടവരും വ്യത്യസ്തമായ കാര്യങ്ങളിൽ മുഴുകിയിരുന്നവരും വ്യത്യസ്ത വിദ്യാഭ്യാസ നിലവാരമുള്ളവരുമായിരുന്നു. എങ്കിലും അവരെല്ലാവരും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന ബഅയ്ത്തിന്റെ പ്രതിജ്ഞയെ തങ്ങളുടെ കഴിവനുസരിച്ച് പൂർത്തിയാക്കുകയും, ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് ചെയ്ത ബയ്അത്തിന്റെ കടമ നിറവേറ്റുകയും, അഹ്മദിയ്യാ ഖിലാഫത്തിനോട് തികഞ്ഞ ആത്മാർഥതയോടും കൂറോടും കൂടിയ ബന്ധമുണ്ടാക്കുകയും, അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുകയും, ഇസ്ലാമിന്റെ ഏതൊരു മനോഹരമായ അധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നതിനായാണോ അല്ലാഹു നബി(സ)തിരുമേനിയുടെ സത്യദാസനെ നിയോഗിച്ചയച്ചത് അതിന്റെ യഥാർഥമായ കർമരൂപം തങ്ങളിലുണ്ടെന്ന് തെളിയിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഒന്നായിരുന്നു.

ഒരു കാര്യം അവരിലെല്ലാവരിലും ഉണ്ടായിരുന്നുവെന്ന് ഞാൻ പറഞ്ഞു. ഈ ഒന്നല്ല പ്രത്യുത വളരെയധികം പ്രത്യേകതകൾ അവരിൽ എല്ലാവരിലും ഒരുപോലെ ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ചേർന്നു നിന്നെങ്കിൽ മാത്രമേ ദൈവത്തിനും ദാസർക്കുമിടയിൽ യഥാർഥ ബന്ധം സ്ഥാപിക്കുന്നതിനുള്ള ശരിയായ രീതി നമുക്ക് ലഭ്യമാകുകയും ജീവനുള്ള ദൈവത്തിൽ ദൃഢജ്ഞാനം കൈവരികയും അവന്റെ തൃപ്തിയിൽ തൃപ്തരായിരിക്കുവാനുള്ള ഉന്നതനിലവാരം പ്രാപ്തമാകുകയും ചെയ്യുകയുള്ളൂ എന്ന് അവരുടെ സംഭവങ്ങൾ കേൾക്കുമ്പോൾ നമുക്ക് ബോധ്യമാകുന്നതാണ്.

ഏതെല്ലാം പരേതാത്മക്കളെയാണോ ഞാൻ അനുസ്മരിക്കേണ്ടത് അവരിൽ ഒരാൾ നമ്മുടെ ജമാഅത്തിന്റെ മുബല്ലിഗ് ആയിരുന്ന ദുൽഫിഖാർ അഹ്മദ് ഡൊമനിക് സാഹിബ് ആണ്. ഇന്തൊനേഷ്യയുടെ റീജിയണൽ മുബല്ലിഗ് ആയിരുന്ന അദ്ദേഹം ഏപ്രിൽ 21 ന് 42–ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേതന്റെ ജനനം 1978 മെയ് 24 നായിരുന്നു. വടക്കൻ സുമാത്രയി(North Sumatra)ലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ശെഹറോൽ ഡൊമനിക് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹന്റെ പേര് ശഹ്നവർ ഡൊമനിക് എന്നായിരുന്നു. മർഹൂമിന്റെ പിതാമഹനിലൂടെയാണ് കുടുംബത്തിന് ജമാഅത്ത് ലഭിച്ചത്. അദ്ദേഹം 1944–ൽ മൗലാനാ സയ്നി ദഹ്ലാൻ സാഹിബു മുഖേനയാണ് ബയ്അത്ത് ചെയ്തത്. മർഹൂം മുബല്ലിഗെ സിൽസില ദുൽഫിഖാർ സാഹിബ് 1997 മുതൽ 2002 വരെ ജാമിഅ അഹ്മദിയ്യാ ഇന്തൊനേഷ്യയിൽ വിദ്യാഭ്യാസം നേടി. അവിടെ അക്കാലത്ത് വളരെ കുറച്ചു കാലയളവിലായിരുന്നു കോഴ്സുണ്ടായിരുന്നത്. അതിനുശേഷം വിവിധ സ്ഥലങ്ങളിൽ പതിനെട്ടു വർഷത്തോളം ജമാഅത്തിന്റെ മുബല്ലിഗായി സേവനമനുഷ്ഠിക്കാൻ അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു. പിന്നീട് വിവിധ പ്രദേശങ്ങളിൽ മുല്ലിഗ് എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യ മർയം സിദ്ദീഖ സാഹിബയും നാലു കുട്ടികളുമുണ്ട്; ജാദിബ്, ആഇശ ഖൗല, ഖയ്റ ഫാത്വിമ, ഖയ്ഥറ നസ്വീറ. ആൺകുട്ടിക്ക് 15 വയസുണ്ട്. ചെറിയ കുട്ടിയുടെ പ്രായം 8 മാസമാണ്. ഈ മക്കളെല്ലാവരും വഖ്ഫെ നൗ പദ്ധതിയിൽ അംഗങ്ങളാണ്.

അവിടുത്തെ നമ്മുടെ മുബല്ലിഗ് മിഅ്റാജ് ദീൻ സാഹിബ് വിവരിക്കുന്നു: 'ദുൽഫിഖാർ സാഹിബ് വിജയിയും, കഠിനാധ്വാനിയുമായ മുബല്ലിഗ് ആയിരുന്നു. അദ്ദേഹത്തിന്റെ നിയമനം ഉണ്ടായിരുന്നിടങ്ങളിലെല്ലാം തർബിയ്യത്ത്, ജമാഅത്തംഗങ്ങളുമായുള്ള ബന്ധപ്പെടൽ, തബ്ലീഗ് തുടങ്ങിയ ജോലികൾ വളരെ ഭംഗിയായ നിലയിൽ നിറവേറ്റി. പരേതൻ എല്ലാവരോടും സൗമ്യമായി പെരുമാറിയിരുന്നു. എല്ലാവരോടും സൗഹൃദബന്ധം പുലർത്തിയിരുന്നു. പുഞ്ചിരിക്കുന്ന മുഖത്തോടെയാണ് ആരുമായും കണ്ടുമുട്ടിയിരുന്നത്. ഒരിക്കലും ഒന്നും ആവശ്യപ്പെട്ടിരുന്നില്ല. മറിച്ച് എപ്പോഴും ദുആ ചെയ്യാൻ ഉപദേശിക്കുമായിരുന്നു. ഒരു വാഖിഫെ സിന്ദഗിയുടെ (ജീവിതം അർപ്പണം ചെയ്തവരുടെ) ആത്മാവ് ഇതുതന്നെയാണ്. ഈയൊരാത്മാവാണ് വഖ്ഫെസിന്ദഗിയിൽ ഉണ്ടായിരിക്കേണ്ടതും. എന്തെങ്കിലും ചോദിക്കണമെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. മറ്റുള്ളവരോട് ഒരിക്കലും ആവശ്യപ്പെടരുത്. ഇത് അങ്ങേയറ്റം നിർബന്ധമായ വിശേ

ഷതയാണ്. അത് എല്ലാ വഖ്ഫെ സിന്ദഗിമാരും സ്വായത്തമാക്കാൻ പരിശ്രമിക്കേണ്ടതാണ്.

ഏറ്റവും കൂടുതൽ ബയ്അത്ത് ചെയ്യിക്കാൻ തൗഫീഖ് കിട്ടിയ മുബല്ലിഗുമാരിൽ ഇദ്ദേഹം പെടുന്നു. ഇക്കാരണത്താൽ ഇദ്ദേഹത്തിന് ഇവിടെ 2018 ലെ ജൽസയിൽ പങ്കെടുക്കാനും അവസരം കിട്ടി. പ്രവർത്തനരംഗത്ത് അദ്ദേഹം എപ്പോഴും നല്ല പ്ലാനിംഗോടുകൂടി ജോലി ചെയ്തിരുന്നു. ഇക്കാരണത്താൽ അദ്ദേഹത്തിന് എല്ലാ സ്ഥലങ്ങളിലും വിജയം കരസ്ഥമായി.

ജമാഅത്തിന്റെ മുറബ്ബി ആസ്വിഫ് മുയീൻ സാഹിബ് അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങൾ വിവരിച്ചുകൊണ്ടെഴുതുന്നു: 'ഒരുപാട് ഗുണവിശേഷങ്ങളുടെ ഉടമയായിരുന്നു ഇദ്ദേഹം. വളരെ സ്വാലിഹായ മനുഷ്യനായിരുന്നു. ആത്മാർഥനും അനുസരണശാലിയുമായിരുന്നു. കുറച്ചു നാളായി രോഗബാധിതനായിരുന്നു. രോഗാവസ്ഥയിലും ജമാഅത്തിന്റെ സേവനത്തിന് മുൻഗണന നൽകിയിരുന്നു. ആസ്വിഫ് സാഹിബ് പറയുന്നു: റിയാവോ(Riao)സ്റ്റേറ്റിലെ റീജ്യണിൽ, റീജ്യണൽ മുബല്ലിഗ് എന്ന നിലയിൽ ജോലി ചെയ്യുമ്പോൾ എനിക്ക്(ആസ്വിഫ് സാഹിബിന്) അദ്ദേഹത്തോടൊപ്പം ജോലി ചെയ്യുന്നതിന്, അദ്ദേഹത്തിന്റെ കീഴിൽ ജോലിചെയ്യുന്നതിന് തൗഫീഖ് കിട്ടി. വലിയ നേതൃപാടവത്തോടെയാണ് ഇദ്ദേഹം ജോലി ചെയ്യിച്ചിരുന്നത്. സർക്കാറുമായും സംസ്ഥാനത്തിലെ വിവിധ സംഘടനകളുമായും സുദൃഢബന്ധമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഇക്കാരണത്താൽ അദ്ദേഹത്തിന് വിവിധ യൂണിവേഴ്സിറ്റികിൽ പ്രസംഗിക്കാൻ അവസരം കിട്ടിയിരുന്നു. ഇതിനുപുറമെ അദ്ദേഹം സംസ്ഥാനത്ത് ധാരാളം lost generation നുമായും ബന്ധപ്പെട്ട് അവർക്ക് ജമാഅത്തിനെ കുറിച്ച് പരിചയപ്പെടുത്തിക്കൊടുത്തു. സംസ്ഥാനം മുഴുവൻ ഇപ്രകാരമുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഒരു തദ്ദേശ ജമാഅത്തായ സെൻങ്കേഗി(Senggigi)യെ ഏകദേശം 20 വർഷത്തിനുശേഷം പുനഃസ്ഥാപിക്കാൻ തൗഫീഖ് കിട്ടി. lost generation എന്ന് അവിടുത്തെ ആളുകൾ പറയുന്നവരുമായി ബന്ധം സ്ഥാപിക്കുന്നതിന് വഞ്ചിയിലൂടെ ചെറിയ ചെറിയ ദ്വീപുകളിൽ പോകേണ്ടി വന്നിരുന്നു. ഒരു ദ്വീപിൽനിന്ന് മറ്റൊരു ദ്വീപിലേക്ക് ഒന്നര രണ്ടുമണിക്കൂർ യാത്ര വേണ്ടിയിരുന്നു. രോഗിയായിരുന്നിട്ടും തന്റേടത്തോടും എന്നിൽ ഖിദ്മത്ത് ചെയ്യാനുള്ള ശക്തിയുള്ളിടത്തോളം അവസാന ശ്വാസം വരെ സേവനം ചെയ്തുകൊണ്ടിരിക്കും എന്നു പറഞ്ഞുകൊണ്ടും അവിടെ പോകുമായിരുന്നു. ആ യാത്രകളുടെ ഫലമായി നാലു കുടുംബം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ മടിത്തട്ടിൽ വന്നു.

ഡയാലിസിസ്(dialysis)കാരണത്താൽ അദ്ദേഹം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ആ അവസ്ഥയിലും ഒരു തദ്ദേശയോഗത്തിൽ പങ്കെടുക്കുകയുണ്ടായി. താങ്കളെന്തിനാണ് ഇത്രയും കഷ്ടപ്പെടുന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എനിക്ക് ജീവനുള്ളിടത്തോളം ഞാൻ ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കാൻ ശ്രമിക്കുന്നതാണ്. ഞാൻ രോഗിയാണെങ്കിൽക്കൂടി എപ്പോഴും ജമാഅത്തിന്റെ സേവനത്തിൽ മുഴുകിക്കൊണ്ടിരിക്കണം എന്നാണെന്റെ ആഗ്രഹം. ഈയൊരു വികാരമാണ് ഓരോ വാഖിഫെ സിന്ദഗിയിലും ഉണ്ടായിരിക്കേണ്ടത്. അല്ലാതെ നിസ്സാരകാര്യങ്ങൾക്കായി വിഷമം പ്രകടിപ്പിക്കാൻ തുടങ്ങുകയല്ല വേണ്ടത്.

മുസഫ്ഫർ അഹ്മദ് സാഹിബും അവിടുത്തെ മുറബ്ബിയാണ്. അദ്ദേഹം എഴുതുന്നു: 'എനിക്ക് അദ്ദേഹത്തിനോടൊപ്പം ജാമിഅയിൽ പഠിക്കാൻ അവസരം കിട്ടി. ഖാദിയാനിൽവെച്ചാണ് അദ്ദേഹവുമായി അവസാന കൂടിക്കാഴ്ച നടന്നത്. അതായത് ഖാദിയാനിൽ അദ്ദേഹത്തോടൊപ്പമാണ് പോയിരുന്നത്. ആ വർഷമാണ് പോയതെന്നാണ് തോന്നുന്നത്. ഖാദിയാനിൽ പോകുന്നതിനുമുമ്പേ പരേതൻ കൂടുതൽ രോഗിയായിരുന്നപ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: ഖാദിയാനിൽ എനിക്ക് പോകാൻ കഴിയുന്നത്ര ആയുസ് അല്ലാഹു എനിക്ക് നല്കുമാറാകട്ടെ. ബയ്ത്തുല്ലായിൽ ഉംറ ചെയ്യാനും അല്ലാഹു തൗഫീഖ് നല്കി. കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ചയ്ക്കുള്ള അവസരവും കിട്ടി. ഇനി ഖാദിയാനിൽ പോകുക എന്ന ആഗ്രഹം മാത്രമാണ് ബാക്കിയായിട്ടുള്ളത്. അല്ലാഹു അവന്റെ കൃപയാൽ അദ്ദേഹത്തിന്റെ ആ ആഗ്രഹവും പൂർത്തിയാക്കി. ഖാദിയാനിലെ സിയാറത്തിന് ഭാഗ്യമുണ്ടായി. ആ വർഷം ജൽസ നടന്നിരുന്നില്ല. പക്ഷേ, അതു തടയുന്നതിനുമുമ്പേ ഇവർ അവിടെ എത്തിയിരുന്നു. ഇപ്രകാരം ഇദ്ദേഹത്തിന് അവിടെ സ്വതന്ത്രമായ നിലയിൽ ദുആ ചെയ്യാനും അവസരം കിട്ടി. ഈ മുറബ്ബി സാഹിബ് എഴുതുന്നു: 'ഖാദിയാനിൽ കഠിനമായ കാലാവസ്ഥയും അതിശൈത്യവും കാരണത്താൽ അദ്ദേഹത്തിന്റെ ആരോഗ്യം വളരെ വഷളാകുകയും ചെയ്തു. അക്കാരണത്താൽ അദ്ദേഹത്തിന് വേഗം ഇന്തൊനേഷ്യാ മടങ്ങിപ്പോകേണ്ടിവന്നു. പക്ഷേ, വളരെ മോശമായ അവസ്ഥയിലും അല്ലാഹു അദ്ദേഹത്തിന്റെ സദുദ്ദേശ്യം പൂർത്തിയായി. അദ്ദേഹത്തിന് ബയ്ത്തുദ്ദുആയിലും മസ്ജിദ് മുബാറക്കിലും നമസ്കരിക്കുന്നതിനും ദുആ ചെയ്യുന്നതിനും ഭാഗ്യം കിട്ടി. വീണ്ടും പറയുന്നു: 'ഞാൻ അദ്ദേഹത്തെ വീൽചെയറിലിരുത്തി ബിഹിശ്തി മഖ്ബറ സിയാറത്തിനും കൊണ്ടുപോയിരുന്നു. അവിടെ അദ്ദേഹം ദുആയും ചെയ്തു. അദ്ദഹം കഠിനാധ്വാനിയായ മുബല്ലിഗായിരുന്നു. കഠിനമായ രോഗമുണ്ടായിരുന്നിട്ടും ഒരിക്കലും ധൈര്യം കൈവിട്ടില്ല. ജമാഅത്തിന്റെ ഏതൊരു കാര്യം അദ്ദേഹത്തെ ഏല്പിച്ചാലും ഭംഗിയായി അത് നിറവേറ്റുമായിരുന്നു. സാജിദ് സാഹിബ് മറ്റൊരു മുറബ്ബിയാണ്. അദ്ദേഹം എഴുതുന്നു: സീനിയർ ആയിരുന്നിട്ടും അദ്ദേഹം തബ്‌ലീഗുപരമായ കാര്യങ്ങളിൽ ജൂനിയേഴ്സിന്റെ അഭിപ്രായം എടുക്കുന്നതിലും ഒരിക്കലും മടിച്ചിരുന്നില്ല. സ്വഭാവത്തിൽ വളരെ എളിമയും വിനയവുമായിരുന്നു. അദ്ദേഹം ദൃഢഗാഢമായ അഭിപ്രായമുള്ള ആളായിരുന്നു. പരേതന് കഴിഞ്ഞ വർഷമാണ് രോഗമുണ്ടായത്. പക്ഷേ, സുഖമായുടനെ ദീർഘമായി യാത്ര ചെയ്ത് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമായിൽ പങ്കെടുത്തു.

ബാസോയിലെ സാഹിബ് എഴുതുന്നു: ഇദ്ദേഹം മുബല്ലിഗ് ഇൻചാർജുമായിരുന്നു. അവസാനത്തെ മൂന്നു വർഷം വിനീതന്റെ നിയമനം മിഷൻഹൗസ് ഓഫീസിൽ ഉണ്ടാകുകയും പ്രബോധനപരമായ പരിപാടികൾ സംബന്ധിച്ച് പ്രവർത്തനരംഗത്തുള്ള മുബല്ലിഗുമാരുമായി ബന്ധപ്പെടുകയും ചെയ്തപ്പോൾ, തബ്‌ലീഗ് പരിപാടികൾ തയ്യാറാക്കുന്നതിൽ മർഹൂം വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നതാണ് ഞാൻ കണ്ടത്. തബ്‌ലീഗ് പരിപാടികൾ വിജയിപ്പിക്കുന്നതിന് ദായിയാനും ലോക്കൽ മുബല്ലിഗുമാർക്കുമുള്ള ഒരുക്കങ്ങൾ വളരെ നന്നായും വിദഗ്ദമായും ചെയ്തിരുന്നു. ബയ്അത്തിന്റെ എണ്ണം അപ്ഡയിറ്റു ചെയ്തുകൊണ്ടിരിക്കണമെന്ന് എന്നോടു എപ്പോഴും പറയുമായിരുന്നു; റീജ്യണിലെ പണിയെടുക്കുന്ന ദായിയാന് പ്രോത്സാഹനമുണ്ടായിക്കൊണ്ടിരിക്കുന്നതിന്! അതിനുള്ള മാർഗം ബയ്അത്തുകളുടെ എണ്ണം നോക്കുകയും ദായിയാനെ അതറിയിക്കുകയും അവരോടു ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നതാണ്. ഇപ്രകാരം പിന്നെ ദായിയാനും ആക്ടീവായിരിക്കും. ബാക്കിയുള്ള നിള്വാമുകളിലും ആ നവ അഹ്മദികളെ ഉൾക്കൊള്ളിക്കാൻ കഴിയും.

സർമദ് സാഹിബ് മുറബ്ബിയാണ്. അദ്ദേഹം പറയുന്നു: തബ്‌ലീഗ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിൽ അദ്ദേഹത്തിന് പ്രത്യേക വികാരമായിരുന്നു. ഞങ്ങൾ വടക്കൻ സുമാട്രാ റീജ്യണിൽ 'ബോണ്ടോപാന' മുതൽ സ്റ്റേയിറ്റിന്റെ അതിർത്തി പ്രദേശമായ 'സോസാ'വരെ തബ്‌ലീഗിന് പുതിയ വഴികൾ തുറക്കുന്നതിനുള്ള ഒരുക്കം നടത്തുകയായിരുന്നു. അപ്പോൾ അദ്ദേഹം വളരെ ധൈര്യത്തോടും പ്രതീക്ഷയോടും കൂടി വിവിധ പരിപാടികളും പദ്ധതികളും തയ്യാറാക്കി. അല്ലാഹുവിന്റെ കൃപയാൽ ഈ പരിപാടി ഒരുപാടുകാലംവരെ തുടർന്നു. അവസാനം ഫണ്ടിന്റെ കുറവുകൊണ്ട് അതിലെന്തോ തടസ്സവും വന്നു. പക്ഷേ,അദ്ദേഹത്തിന്റെ ഈ പ്രവർത്തനത്തിന് ഫലങ്ങളുണ്ടായി. അവിടുത്തെ മിക്ക നവഅഹ്മദികളും ഈ പ്രദേശത്തുനിന്ന് വന്നവരാണ്. ഒരിക്കലും നിരാശരാവരുതെന്നും നമ്മുടെ ജോലി തബ്‌ലീഗ് ചെയ്യുകയാണെന്നും വിത്തുവിതയ്ക്കുകയാണെന്നും കൊയ്ത്തും അതിന്റെ ഫലവും മറ്റാരുടെയെങ്കിലും ഓഹരിയിൽ വരാമെന്നും അദ്ദേഹം എപ്പോഴും പറയാറുണ്ടായിരുന്നു.' എന്തായാലും വലിയ നിശ്ചയദാർഢ്യമുള്ളയാളും കൂറോടുകൂടി തന്റെ വഖ്ഫിനെ നിറവേറ്റുന്നയാളുമായിരുന്നു.

അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹം തന്റെ ബയ്അത്തിന്റെ പ്രതിജ്ഞകളും വഖ്ഫിന്റെ പ്രതിജ്ഞകളും വളരെ ഭംഗിയായി നിറവേറ്റി. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കട്ടെ. അദ്ദേഹത്തിന്റെ ഭാര്യയേയും മക്കളെയും തന്റെ കാവലിൽ വെക്കുമാറാകട്ടെ. സ്വയം അവരുടെ സംരക്ഷകനും ആയിരിക്കുമാറാകട്ടെ.

രണ്ടാമതായി ഞാൻ സ്മരിക്കുന്നത് പാക്കിസ്താനിലെ ഇസ്‌ലാമാബാദ് വാസിയായ മർഹൂം ഡോക്ടർ പീർ മുഹമ്മദ് നഖിയുദ്ദീൻ സാഹിബിനെയാണ്. ഏപ്രിൽ 18നു അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* വഫാത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പേ അദ്ദേഹത്തിൽ കൊറോണാ വൈറസിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അപ്പോൾ അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആദ്യം അദ്ദേഹത്തിന്റെ ആരോഗ്യം മെയഹല ആകാൻ തുടങ്ങിയിരുന്നു. എന്നാൽ, ഏപ്രിൽ 18ന് ആരോഗ്യം വഷളായി. ഐ സി യുവിലേക്ക് മാറ്റി. അവിടെ വൈകുന്നേരത്തോടെ അല്ലാഹുവിന്റെ സവിധത്തിൽ ഹാജരായി. പരേതന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ അദ്ദേഹത്തിന്റെ ഭാര്യക്കുപുറമെ ഒരു മകനും നാല് പെൺമക്കളുമാണുള്ളത്. എല്ലാവരും വിവാഹിതരാണ്. അവരവരുടെ വീടുകളിൽ പാർക്കുന്നു. പീർ മുഹമ്മദ് നഖിയുദ്ദീൻ സാഹിബിന്റെ പിതാമഹന്റെയും മാതാമഹന്റെയും കുടുംബം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളുടെ സന്താന പരമ്പരയിൽപ്പെട്ടതായിരുന്നു. അദ്ദേഹത്തിന്റെ വംശപരമ്പര ഹദ്റത്ത് സ്വൂഫീ അഹ്മദ് ജാൻ സാഹിബിൽ ചെന്നുചേരുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് പീർ മള്ഹറുൽ ഹഖ് സാഹിബിനും മാതാമഹൻ ഹദ്റത്ത് മാസ്റ്റർ നദീർ ഹസയ്ൻ സാഹിബിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'അകാബിർ'(ഏറ്റവും വലിയ) സ്വഹാബിമാരിൽ ആകാനുള്ള ബഹുമതി ലഭിച്ചു. ഹദ്റത്ത് പീർ മള്ഹറുൽ ഹഖ്

സാഹിബിന് ഖാദിയാനിലെ മദ്രസ അഹ്മദി യ്യായിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ക്ലാസ്ഫെല്ലോ ആകാനും സൗഭാഗ്യം ലഭിച്ചിരുന്നു. ലുധിയാനയിൽനിന്ന് കുട്ടിക്കാലത്തുതന്നെ ഹിജ്റത്ത് ചെയത് ഇദ്ദേഹം ഖാദിയാനിൽ വന്നതായിരുന്നു. ഏകദേശം 6 മാസംവരെ പീർ മള്ഹറുൽ ഹഖ് സാഹിബ് തുടങ്ങിയവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട്ടിൽ താമസിക്കുക എന്ന ബഹുമതിയും ലഭിച്ചു. ബഹുമാനപ്പെട്ട ഡോക്ടർ സാഹിബിന്റെ മാതാവ് 'മർഹമെ ഈസാ' ഹക്കീം മുഹമ്മദ് ഹുസയ്ൻ സാഹിബി ന്റെ പൗത്രിയായിരുന്നു. ഡോക്ടർ പീർ മുഹമ്മദ് നഖിയുദ്ദീൻ സാഹിബിന് 1947 –ൽ ഇന്ത്യാവിഭജന കാലത്ത് ഒരു വയസ്സായിരുന്നു പ്രായം. അതായത് 1946 ആണ് അദ്ദേഹത്തിന്റെ ജനന വർഷം. അങ്ങനെ അദ്ദേഹത്തിന് 74 വയസ്സുണ്ട്. അദ്ദേഹം കുടുംബത്തോടൊപ്പം ഖാദിയാനിൽ നിന്ന് ഹിജ്റത്ത് ചെയ്ത് ആദ്യം ലാഹോറിൽവന്നു. പിന്നീട് 'ദിഹാഡി' ജില്ലയിലെ 'മേൽസി'യി ൽ താമസിച്ചു. 1970–ൽ നശ്ത്തർ മെഡിക്കൽ കോളേജിൽനിന്ന് M.B.B.S ചെയ്തു. 1975–76 ൽ ഇസ്‌ലാമാബാദ് ഷിഫ്റ്റായി. പിന്നീട് ഇവിടുത്തെ സർക്കാർ ആശുപത്രിയിൽ പോളിക്ലിനിക്കിൽ ഒരുപാടുകാലം സേവനം ചെയ്തതിനുശേഷം ഉദ്യോഗം ഉപേക്ഷിച്ച് ഇറാനിലേക്ക് പോയി. രണ്ടുമൂന്നു വർഷം അവിടെ ജോലി ചെയ്തു. പിന്നീട് പാക്കിസ്താനിൽ തിരിച്ചുവന്നു. ഇവിടെ ഇസ്‌ലാമാബാദിൽ സ്വന്തമായി ക്ലിനിക് തുടങ്ങി. കഴിഞ്ഞ ഇരുപത്തഞ്ച് മുപ്പതുവർഷമായി സ്വന്തം ക്ലിനിക് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വിജയകരമായിരുന്നു. പാവങ്ങളെ വളരെയധികം സേവിച്ചിരുന്നു.

ഇസ്‌ലാമാബാദ് അമീർ ഡോക്ടർ അബ്ദുൽബാരി സാഹിബ് എഴുതുന്നു; ഡോകൂർ പീർ മുഹമ്മദ് നഖിയുദ്ദീൻ സാഹിബ് കഴിഞ്ഞ പന്ത്രണ്ട് വർഷമായി ഇസ്‌ലാമാബാദ് ജമാഅത്തിന്റെ ഖാളിയായി സേവനം ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ വിധികൾ വിശുദ്ധ ഖുർആനും സുന്നത്തുമനുസരിച്ചുള്ളതും ഇരു കക്ഷികൾക്കും വളരെയധികം സംതൃപ്തി നൽകുന്നതുമായിരുന്നു. സൽസ്വഭാവിയും എല്ലാവരുമായി നല്ലനിലയിൽ പെരുമാറുന്ന വ്യക്തിയും സ്നേഹവും വാത്സല്യവുമുള്ള, ദരിദ്രരെ സംരക്ഷിക്കുന്ന, സർവ്വപ്രിയനായ ഒരു വ്യക്തിയായിയിരുന്നു അദ്ദേഹം. എല്ലാവരോടും പുഞ്ചിരിക്കുന്ന മുഖത്തോടെയായിരുന്നു കണ്ടുമുട്ടിയിരുന്നത്. ഡോക്ടറായിരുന്നു. അതുകൊണ്ട് രാവുംപകലും ദൈവ സൃഷ്ടികളെ സേവിക്കുന്നതിൽ മുൻപന്തിയിൽ നിന്നിരുന്നു. ജമാഅത്തിലെ ദരിദ്രരും, നിസ്സഹായരുമായ രോഗികൾക്കായി അദ്ദേഹത്തിന്റെ ക്ലിനിക് എപ്പോഴും തുറന്നു കിടന്നിരുന്നു. അദ്ദേഹം അധികവും പ്രതിഫലമൊന്നും കൂടാതെയാണ് ചികിത്സിച്ചിരുന്നത്. ജമാഅത്തിലുള്ളവരെ മാത്രമല്ല. അന്യർക്കുവേണ്ടിയും അദ്ദേഹത്തിന്റെ മനസ്സും ക്ലീനിക്കും എപ്പോഴും തുറന്നിരുന്നു. ജനങ്ങൾക്ക് ഗുണമുള്ള വ്യക്തിത്വമായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്‌വലയം എപ്പോഴും വിശാലമായിരുന്നു. അതിൽ അനഹ്മദികളായ ആളുകൾ നിരവധിയുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തിന് വിവരണശക്തിയും വിശാലമായി നല്കിയിരുന്നു. അനഹ്മദികൾക്ക് സന്ദേശമെത്തിക്കാനുള്ള ഒരു അവസരവും അദ്ദേഹം പാഴാക്കുമായിരുന്നില്ല. ഈ അവസ്ഥകളിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സന്ദേശം എത്തിക്കാറുണ്ടായിരുന്നു.

ഇദ്ദേഹം പറയുന്നു: ഡോക്ടർ സാഹിബ് ഇദ്ദേഹത്തോടു പറഞ്ഞു, 1970ൽ ഞാൻ എം.ബി.ബി.എസ്സ് പരീക്ഷ പാസായപ്പോൾ ഞാനെന്റെ പിതാമഹൻ ഹദ്റത്ത് പീർ മള്ഹറുൽ ഹഖ് സാഹിബിന്റെ അടുത്ത് റബ്‌വയിൽ പോയി. ഈ സുവാർത്ത അദ്ദേഹത്തെ കേൾപ്പിച്ചു. ഞങ്ങളുടെ കുടുംബത്തിൽ ഡോക്ടറാകുന്ന ആദ്യത്തെ യുവാവായിരുന്നു ഞാൻ. എന്റെ പിതാമഹൻ വളരെ സന്തോഷിച്ചു. എനിക്ക് മറ്റു ഉപദേശങ്ങൾ നല്കിയതിനുപുറമെ, സ്വന്തം രോഗികൾക്ക് മരുന്നു കൊടുക്കുന്നതിനു പുറമെ അവർക്കുവേണ്ടി ദുആ ചെയ്യണമെന്നും ഉപദേശിച്ചു. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, തന്റെ രോഗികൾക്കുവേണ്ടി ദുആ ചെയ്യാത്ത, തന്റെ ചികിത്സയിൽമാത്രം വിശ്വാസം കൊള്ളുന്ന ഡോക്ടർ ശിർക്കിന്നിരയായിത്തീരുന്നു. ഡോക്ടർ നഖിയുദ്ദീൻ സാഹിബ് പറയാറുണ്ടായിരുന്നു, ഡോക്ടർ ജോലി സ്വീകരിച്ചതിനുശേഷം എനിക്ക് 50 വർഷമായി, ഞാൻ 50 വർഷമായി എന്റെ പിതാമഹന്റെ ഉപദേശമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ഞാൻ ചികിത്സിക്കുന്ന രോഗികൾക്കുവേണ്ടി ചുരുങ്ങിയ ചെലവിൽ ചികിത്സിക്കുകയും അവരോടു നല്ലനിലയിൽ പെരുമാറുകയും ചെയ്യുന്നുവെന്ന് മാത്രമല്ല മുടങ്ങാതെ അവർക്കുവേണ്ടി നിത്യവും രണ്ടു റക്അത്ത് നമസ്കരിക്കുകയും ചെയ്യുന്നു. രണ്ടു റക്അത്ത് നമസ്കരിക്കുന്നു അവർക്കായി ദുആയും ചെയ്യുന്നു.

ഈ രീതി നമ്മുടെ എല്ലാ ഡോക്ടർമാരും സ്വായത്തമാക്കേണ്ടതാണ്. കേവലം നിങ്ങളുടെ ജോലിയുടെ യോഗ്യതയിൽ വിശ്വസിക്കരുത്. മരുന്നുകളിൽമാത്രം വിശ്വാസം കൊള്ളരുത്. ചികിത്സക്കിടയിൽ രോഗികളോടു നല്ലനിലയിൽ പെരുമാറുന്നതിനോടൊപ്പം അവർക്കുവേണ്ടി ദുആയും തീർച്ചയായും ചെയ്യുക. നഫ്ൽ നമസ്കരിക്കുകയാണെങ്കിൽ അത് വളരെ നല്ല കാര്യമാണ്.

അദ്ദേഹത്തിന്റെ ഭാര്യ ഉള്മ നഖീ സാഹിബ പറയുന്നു: എന്റെ ഭർത്താവ് വളരെ ആത്മാർഥതയും അർപ്പണബോധവുമുള്ള ഒരു അഹ്മദിയായിരുന്നു. മതപ്രബോധനം അദ്ദേഹത്തിന് അഭിനിവേശമായിരുന്നു. അദ്ദേഹം തന്റെ ജീവിതത്തിൽ പല ബയ്അത്തുകളും ചെയ്യിച്ചിട്ടുണ്ട്. ഒരുപാടാളുകളെ അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തെ സംബന്ധിച്ച് പറഞ്ഞ് അനുകൂലികളാക്കുകയും ചെയ്തിട്ടുണ്ട്. അവരെ നിശബ്ദരാക്കിയിട്ടുണ്ട്. അതിനുശേഷം അവരുമായുള്ള ബന്ധങ്ങളും നല്ല നിലയിൽ മുന്നോട്ടുപോയിരുന്നു. പിന്നീട് പറയുന്നു, അവരും ഇതുതന്നെ പറയുകയുണ്ടായി, രോഗികളോടുള്ള അദ്ദേഹത്തിന്റെ സ്നേഹം കാരണം രണ്ടു റക്അത്ത് നഫ്ൽ എപ്പോഴും നമസ്കരിക്കുകമായിരുന്നുവെന്ന്. വീണ്ടും പറയുന്നു, രോഗികളോടുള്ള സ്നേഹം കാരണത്താൽ അവർ പ്രയാസപ്പെടാതിരിക്കാൻ പകർച്ചവ്യാധിയുടെ ഇക്കാലത്തും അദ്ദേഹം ക്ലീനിക്കിൽ പോകുമായിരുന്നു. പനിയുണ്ടാകുമ്പോൾ അവധിയെടുത്തു. പിന്നീട് എഴുതുന്നു, ഈ പറയുന്ന പ്രത്യേകതകളെല്ലാം അദ്ദേഹത്തിലുണ്ടായിരുന്നു; രോഗികളെ പരിശോധിക്കുക, അവരെ ശ്രദ്ധിക്കുക, അവർക്കുവേണ്ടി ദുആ ചെയ്യുക ഈ എല്ലാ ഗുണങ്ങളോടുമൊപ്പം വളരെയധികം അനുസരണമുള്ള ഒരു മകനുമായിരുന്നു. മാതൃകാപരമായ ഭർത്താവായിരുന്നു. വാത്സല്യനിധിയും സ്നേഹിക്കുന്നതുമായ ഒരു പിതാവായിരുന്നു. സഹോദരീ സഹോദരന്മാരെയും സുഹൃത്തുക്കളെയും വളരെയധികം ശ്രദ്ധിച്ചിരുന്ന, ജനങ്ങൾക്ക് ഉപകാരിയായിരുന്ന ഒരു വ്യക്തിയായിരുന്നു. ജീവനുള്ള ദൈവവുമായി വളരെ ആഴത്തിൽ ബന്ധമുണ്ടായിരുന്നു. അതിരറ്റ് ദുആ ചെയ്യുന്ന ആളായിരുന്നു. ജീവനുള്ളവനും നിലനില്ക്കുന്നവനുമായ അല്ലാഹു അദ്ദേഹത്തിന്റെ ദുആകൾക്ക് ഉത്തരവും നല്കാറുണ്ടായിരുന്നു. അവർ പറയുന്നു: ഞങ്ങളുടെ ഒരു മകൾക്ക് വിവാഹം കഴിഞ്ഞ് കുറച്ചുകാലംവരെ കുട്ടികളൊന്നുമുണ്ടായിരുന്നില്ല. അതിനുവേണ്ടി ധാരാളം ദുആ ചെയ്യാറുണ്ടായിരുന്നു. ഒരു ദിവസം ഞങ്ങൾ ആ മകളുടെ വീട്ടിൽ താമസിച്ചു. രാവിലെ വാഷ്റൂമിൽനിന്ന് ഇദ്ദേഹം തഹജ്ജുദിന്റെ നേരത്ത് വുളു ചെയ്ത് അല്ലെങ്കിൽ നമസ്കാരനേരത്ത് പുറത്തിറങ്ങിയപ്പോൾ അല്പമൊന്നു കുനിഞ്ഞു. ചോദിച്ചപ്പോൾ പറഞ്ഞു, ഇവിടെ ബെഡ്ഡിനോടൊപ്പം ഒരു കുഞ്ഞുണ്ടായിരുന്നു. അതായത് ജാഗ്രദർശനത്തിൽ(കശ്ഫ്) അദ്ദേഹം, മറ്റൊരു നിവേദനത്തിൽ ജാഗ്രദർശനത്തിൽ ഒരു കുഞ്ഞിനെ കണ്ടുവെന്നുമുണ്ട്. ആ കുട്ടി ബെഡ്ഡിലായിരുന്നു. ആ കുട്ടി വീഴാൻപോകുന്നതായി അദ്ദേഹത്തിനു തോന്നി. അതുകൊണ്ട് ആ കുഞ്ഞിനെ പെട്ടെന്ന് പിടിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം കുനിഞ്ഞത്. ഈ സംഭവം നടന്ന് കുറച്ചുകാലം കഴിഞ്ഞപ്പോൾ അല്ലാഹു ഫള്ൽ ചെയ്തു. മകനെ നല്കി അദ്ദേഹത്തിന്റെ ആ മകളെ അല്ലാഹു അനുഗ്രഹിച്ചു. ഡോക്ടറാണെങ്കിൽ കൂടുതൽ പ്രതീക്ഷയൊന്നും പ്രകടിപ്പിച്ചിരുന്നില്ല.' അല്ലാഹു ആ കുട്ടിയേയും നല്ലവനും ദീനി സേവകനുമാക്കുമാറാകട്ടെ.

അദ്ദേഹത്തിന്റെ സഹോദരീപുത്രനും മകളുടെ ഭർത്താവുമാണ് അർശാദ് ഇഖ്ജാസ് സാഹിബ്. അദ്ദേഹം പറയുന്നു: പരേതൻ എന്റെ കുടുംബബന്ധത്തിൽ ഏറ്റവും മൂത്ത മാതുലനായിരുന്നു. അതുകൊണ്ട് ബോധംവെച്ച കാലം മുതലെ ഒരുപാട് കേൾക്കുകയും കാണുകയും ചെയ്തിട്ടുണ്ട്. ഒരുപാട് ദുആചെയ്യുന്ന ആളും ദരിദ്രരോടു സഹതാപമുള്ളവ്യക്തിയും നിസ്വാർഥനും അങ്ങേയറ്റം അനർഘനും ഏറ്റവും പ്രയാസമുള്ള നേരത്തും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളെ മുന്നിൽ വെക്കുന്നയാളുമായിരുന്നു. കുടുംബസംബന്ധമായി എന്തെങ്കിലും അഭിപ്രായം തേടുവാനോ ജമാഅത്തു പരമോ ഭൗതികപരമോ ആയ എന്തെങ്കിലും അഭിപ്രായം തേടുവാനോ ഉണ്ടെങ്കിൽ ഇദ്ദേഹം പറയുന്നു, ഒരു മടിയുമില്ലാതെ


**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

**ഹദീഥുന്നബ്‌വി (സ):**

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

ഞങ്ങളുടെ മനസ്സിൽ വരുന്നത് മാതുലന്റെ അടുക്കൽ പോകാമെന്നായിരിക്കും; അദ്ദേഹത്തിൽനിന്ന് അഭിപ്രായം തേടാമെന്നായിരിക്കും. തന്റെ മാതുലൻ ഡോക്ടർ സാഹിബിനെ കുറിച്ച് പറയുന്നു: അദ്ദേഹത്തിന്റെ മറ്റൊരു കശ്ഫ് അത് ഒരു പക്ഷേ, മറ്റാരെങ്കിലും അറിയുന്നതായിരിക്കും അത് എം.ടി.എ യെ സംബന്ധിച്ചാണ്. ഇദ്ദേഹം പറയുന്നു, 2010 ൽ നടന്ന സംഭവമാണെന്ന് തോന്നുന്നു, അക്കാലത്ത് മൊബൈൽ ഫോൺ, പൊതുവെ ഇന്നത്തെപ്പോലെ ടച്ച് ഫോൺ പാക്കിസ്താനിൽ വളരെ കുറവായിരുന്നു. ഇദ്ദേഹം പറയുന്നു. ഞാൻ മാതുലന്റെ അടുക്കൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കാര്യങ്ങൾ കേൾക്കുകയായിരുന്നു. അപ്പോൾ പറഞ്ഞു: കുറച്ചുകാലംമുമ്പേ ഞാൻ കണ്ടു, വിളംബരം നടക്കുകയാണ്. നമസ്കാരത്തിന് 'ബാങ്കു' നല്കിയതുപോലെ. കുറച്ചാളുകൾ തങ്ങളുടെ പോക്കറ്റിൽനിന്ന് എന്തോ എടുത്ത് അവരുടെ ചെവികളിൽ വെക്കുന്നു. ഖലീഫത്തുൽ മസീഹിന്റെ ഖുത്ബയുടെ നേരമാണെന്നും എല്ലാവരും തൽസമയ ഖുത്ബ കേൾക്കുകയാണെന്നും ചോദിച്ചപ്പോൾ അറിയാൻ കഴിഞ്ഞു. ഇക്കാര്യം ഇന്ന് നിത്യവും പുലരുന്നതായി നാം കാണുന്നു.

വീണ്ടും എഴുതുന്നു: ഹദറ്ത്ത് സ്വൂഫി അഹ്മദ് ജാൻ സാഹിബിന്റെ കുടുംബവുമായുള്ള ബന്ധത്തെ താൻ സ്വയം അഭിമാനമായി കണ്ടിരുന്നുവെന്ന് മാത്രമല്ല മറ്റു കുടുംബാംഗങ്ങളേയും അല്ലാഹുവിനോടു വ്യക്തിഗതമായ ബന്ധമുണ്ടാക്കണമെന്ന് ഉപദേശിക്കുകയും ചെയ്തിരുന്നു. ഏതെങ്കിലും മഹാത്മാവിന്റെ കുടുംബാംഗമാകുക എന്നതിന് ഒരു ശ്രേഷ്ഠതയുമില്ല. അതുകൊണ്ട് നിങ്ങളുടെ സ്വന്തം ബന്ധമുണ്ടാക്കുക എന്നതാണ് യഥാർഥ കാര്യം. എപ്പോഴും ദഅ്വത്തെ ഇലല്ലാഹിൽ വളരെ തല്പരനായിരുന്നു. എന്നല്ല അതൊരു ലഹരിയായിരുന്നു. അദ്ദേഹവും ഇത് എഴുതിയിട്ടുണ്ട്, മറ്റുള്ള ധാരാളമാളുകളും ഇതെഴുതിയിട്ടുണ്ട്. എല്ലാം വിവരിക്കാൻ സാധ്യമല്ല; ദഅ്വത്തെ ഇലല്ലാഹിൽ വളരെ തല്പരനായിരുന്നുവെന്ന് എഴുതിയിരിക്കുന്നു. വളരെ നല്ല രീതിയിൽ വിശുദ്ധ ഖുർആനിൽനിന്ന് തെളിവുകൾ ഉദ്ധരിച്ച് ദഅ്വത്തെ ഇല്ലലാഹ് ചെയ്യുമായിരുന്നു.

ജൽസസാലാനയുടെ അവസരത്തിൽ അനഹ്മദികളെ പ്രത്യേകം വീട്ടിൽ ക്ഷണിക്കുമായിരുന്നു. നല്ല ആതിഥ്യം നല്കുമായിരുന്നു. ജൽസ അവരെ കേൾപ്പിക്കുമായിരുന്നു. അങ്ങനെ തബ്ലീഗിന്റെ പരമ്പരയും തുറക്കുമായിരുന്നു. ഇദ്ദേഹം പറയുന്നു: കൊറോണ പകർച്ചവ്യാധി വന്നതുമുതലും മാതുലൻ ക്ലീനിക്കിൽ പോകുന്നത് നിറുത്തിയില്ല. ഞാൻ പലപ്രാവശ്യവും ഫോൺ ചെയ്ത് അദ്ദേഹത്തോടു പറഞ്ഞിരുന്നു, ക്ലീനിക്കിൽ പോകരുതെന്ന്. മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. അപ്പോൾ പറയും ഡോക്ടർ വീട്ടിലിരുന്നാൽ രോഗികൾ എന്തു ചെയ്യും? പിന്നീട് തെളിവുകളും നല്കും. അപ്പോൾ എനിക്ക് മറുപടി ഉണ്ടാകുമായിരുന്നില്ല. രോഗം കൂടുതലുള്ളപ്പോഴും ക്ലീനിക്കിൽ പോകുമായിരുന്നു. ഞാൻ സേവനത്തിനുവേണ്ടിയാണ് ഇവിടെ വരുന്നതെന്ന് പറയുമായിരുന്നു. ഒരു ചുമതലയാണ്, അത് നിർവഹിക്കുന്നു. ക്ലീനിക്കിന്റെ ഉദ്ദേശ്യം പണം സമ്പാദിക്കുക എന്നതു മാത്രമല്ല.

അദ്ദേഹത്തിന്റെ മകൾ നൗറിൻ ആഇശ നൂറുദ്ദീൻ പറയുന്നു: അങ്ങേയറ്റം വാത്സല്യവാനും ദയാലുവും ദുആ ചെയ്യുന്ന ആളുമായിരുന്നു എന്റെ പിതാവ്. എല്ലാ കാര്യങ്ങളിലും എപ്പോഴും ദുആ ചെയ്യാനും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനും ഉപദേശിക്കാറുണ്ടായിരുന്നു. ഏതെങ്കിലും കാര്യത്തിനുവേണ്ടി ഞങ്ങൾ ദുആയ്ക്കു പറയുമ്പോൾ നീയും ദുആ ചെയ്യുക ഞാനും ദുആ ചെയ്യാം എന്ന് പറയുമായിരുന്നു. പിന്നീട് അല്ലാഹുവിൽനിന്ന് മാർഗദർശനം തേടി ഞങ്ങളോടു, 'ഞാൻ ഇങ്ങനെ സ്വപ്നം കണ്ടു. അല്ലെങ്കിൽ ഇപ്രകാരം അല്ലാഹു പറഞ്ഞു' എന്ന് പറയുമായിരുന്നു. ജോലിയുടെ അടിസ്ഥാനത്തിൽ ആയിരക്കണക്കിന് ആളുകളെ ചികിത്സിച്ചു. ആയിരക്കണക്കിനാളുകളെ സൗജന്യമായിചികിത്സിക്കുകയും സംരക്ഷണം നല്കുകയും ചെയ്തിരുന്നു. രോഗികളിൽനിന്ന് എത്ര കുറച്ചാണ് ഫീസ് വാങ്ങിയിരുന്നതെന്നാൽ കൂടുതലും ദരിദ്രർതന്നെയായിരുന്നു അദ്ദേഹത്തിന്റെ രോഗികളും. എന്റെ പിതാവ് ചുറ്റിക്കറങ്ങുന്ന ഖുർആനായിരുന്നു. ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽനിന്ന് മാർഗദർശനം തേടണമെങ്കിൽ ആദ്യം കാണാതെ വചനമോതും പിന്നീട് തർജമ കേൾപിക്കുകയും മനസ്സിലാക്കി കൊടുക്കുകയും ചെയ്യും. ഖിലാഫത്തിനോടു എത്രമാത്രം സ്നേഹമായിരുന്നുവെന്നാൽ എം.ടി.എ യിൽ ഒരു മണിക്കൂർ ഖുത്ബ വരാൻ തുടങ്ങിയപ്പോൾ വേഗം വീട്ടിൽ ഡിഷ് ഘടിപ്പിച്ചു; എം.ടി.എ കാണുന്നതിന് ആളുകൾ ഞങ്ങളുടെ വീട്ടിൽ വരാൻ! ഖിലാഫത്തിനോടുള്ള ഈ സ്നേഹം കാരണത്താൽ ജൽസസാലാനയുടെ അവസരത്തിൽ സമാപന പ്രഭാഷണം, ധാരാളം അനഹ്മദികളെ വിളിച്ച് കേൾപ്പിക്കുമായിരുന്നു. ബയ്അത്തിന്റെ സകല പരിപാടികളും കാണിക്കുമായിരുന്നു. അതിനൊടൊപ്പം ഭക്ഷണത്തിനുള്ള ഏർപാടും ചെയ്യുമായിരുന്നു. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണെന്ന് പറയുകയും ചെയ്യുമായിരുന്നു.

അദ്ദേഹത്തിന്റെ മകൾ വർദ പറയുന്നു: ചെറുപ്പത്തിൽത്തന്നെ ഞങ്ങളിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിനും നോമ്പെടുക്കുന്നതിനും കൃത്യസമയത്ത് ചന്ദ നൽകുന്നതിനും സ്വദഖയും മറ്റു ദാനധർമങ്ങൾ ചെയ്യുന്നതിനുമുള്ള ശീലമുണ്ടാക്കി. ഞങ്ങൾ സഹോദരി സഹോദരന്മാരുടെ വിവാഹം നടക്കുന്ന നേരത്ത് ദീൻ മാത്രമെ നോക്കിയിരുന്നുള്ളു. ഭൗതികകാര്യങ്ങളെയൊന്നും ഒരിക്കലും വകവെച്ചില്ല. എല്ലാ ആഗ്രഹങ്ങളും പെട്ടെന്നു സാധ്യമാകുകയില്ലെന്നുള്ള കാര്യവും കുട്ടിക്കാലംമുതലെ ഞങ്ങളെ പഠിപ്പിച്ചു. അതുകൊണ്ട് എപ്പോഴും ക്ഷമയോടും ദുആയോടുംകൂടി പണിയെടുക്കേണ്ടതാണ്. അദ്ദേഹത്തിന്റെ മരുമകൻ അബ്ദുൽ ഖുദ്ദൂസ് സാഹിബ് പറയുന്നു: എന്നോടുള്ള എന്റെ ഭാര്യാപിതാവിന്റെ ബന്ധം ഒരു പിതാവിന്റേതായിരുന്നു. അതുകൊണ്ട് എനിക്ക് എപ്പോഴും അദ്ദേഹത്തെ കണ്ടുകൊണ്ടിരിക്കണമെന്ന ആഗ്രഹമായിരുന്നു; എന്തെങ്കിലും പുതിയ കാര്യം, ഏതെങ്കിലും ആയത്തിന്റെ വ്യാഖ്യാനം അല്ലെങ്കിൽ ഏതെങ്കിലും അഭിപ്രായഭിന്നതയുള്ള കാര്യത്തിലെ ഒരു പുതിയ വശം പഠിക്കാനുള്ള അവസരം കിട്ടുമായിരുന്നു. വിവാഹത്തിന്റെ തുടക്കദിനങ്ങളിൽ ഞാൻ ഭാര്യാ വീട്ടിൽ തുറന്ന നിലയിൽ ബന്ധപ്പെട്ടിരുന്നില്ല, വലിയ മടിയായിരുന്നു. അദ്ദേഹം തന്റെ സ്വാഭാവികമായ ജീവിതം കാണിച്ചു, അതോടെ അതെല്ലാം അകന്നുപോയി. അദ്ദേഹത്തിന് ഭൗതികകാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും ഏതെങ്കിലും ഫാഷനുകളിലും ഓരോ കാലത്തുമുള്ള ലോകത്തിന്റെ ചായ്വുകളിലും ഒരു താൽപര്യവുമുണ്ടായിരുന്നില്ല. ആരാധനകളും വിശുദ്ധഖുർആനും മതപരമായ ജ്ഞാനങ്ങളും ധാർമിക ഗുണങ്ങളുമൊക്കെയായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ട വിഷയങ്ങൾ. അനാചാരങ്ങൾക്കെതിരെ ആർക്കും ഇളക്കാൻ പറ്റാത്തവിധമുള്ള പാറയായിരുന്നു അദ്ദേഹം. വിവാഹം തുടങ്ങിയ അവസരങ്ങളിൽ അദ്ദേഹം അനാചാരങ്ങളെ ശക്തമായി തടഞ്ഞു. പെൺകുട്ടികൾ ശിർക്കിന്റെ ചൊവയുള്ള പദ്യങ്ങൾ എന്തെങ്കിലും ആലപിക്കുന്നതു കേട്ടാൽ തടയുമായിരുന്നു, ശക്തമായി തടയുമായിരുന്നു.

അദ്ദേഹത്തിന്റെ മകൾ ഖുർറത്തുൽ അയ്ൻ ഹാദിയ പറയുന്നു: ആർക്കുമെതിരിൽ ഒരു കാര്യവും മനസ്സിൽ വെക്കരുതെന്ന് അദ്ദേഹം എന്നെ ഉപദേശിച്ചു. നിന്റെ ഭർത്താവിന്റെ വീട്ടുകാരെ നിന്റെ വീട്ടുകാരായി മനസ്സിലാക്കണം. ആരേയും വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ വിഷമിപ്പിക്കരുത്. പിന്നീട് അദ്ദേഹം ഇതും തന്റെ മകളോടു പറഞ്ഞു: നല്ലവരോടു നല്ലരീതിയിൽ പെരുമാറുക എന്നത് ശ്രേഷ്ഠകരമായ കാര്യമൊന്നുമല്ല. ചീത്തയായവരോടും നല്ല രീതിയിൽ പെരുമാറുക എന്നതാണ് യഥാർഥകാര്യം. ഈ അധ്യാപനം ഇസ്‌ലാമിന്റെ അധ്യാപനമാണ്. ഇതു സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലഘട്ടത്തിൽ നമ്മളോടു പറഞ്ഞതാണ്. ഇക്കാര്യമായിരിക്കും ഈ ഉന്നതമായ ധാർമികഗുണങ്ങളായിരിക്കും ഇക്കാലത്ത് നമ്മളിലേക്ക് മറ്റുള്ളവരെ ആകർഷിക്കുന്നത്. അത് അവരെ നിങ്ങളിലേക്ക് വലിച്ചടുപ്പിക്കുന്നതായിരിക്കും. വീണ്ടും പറയുന്നു: അദ്ദേഹം എന്നോടു പറഞ്ഞു: കുഴപ്പമുണ്ടാക്കൽ വധത്തെക്കാൾ വലിയ പാപമാണ്. അതുകൊണ്ട് ഫസാദുകൾ തടയുന്നതിന് സത്യവാനായിക്കൊണ്ട് അസത്യവാനെപോലെ വണക്കം കൈക്കൊള്ളുക. ഇതും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോടു പറഞ്ഞ ഉന്നതമായ ഉപദേശമാണ്. ഈ ഉപദേശം മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് നല്കിക്കൊണ്ടിരുന്നാൽ മനോഹരമായ ഒരു സമൂഹം സ്ഥാപിതമായേക്കാം.

അദ്ദേഹത്തിന്റെ മകൻ പീർ മുഹ്‌യിദ്ദീൻ സാഹിബ് പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഞങ്ങളുടെ വീട്ടിലെ സ്വീകരണമുറിയിലിരുന്ന് ദർസ് നൽകുന്നതായി ഞാൻ സ്വപ്നത്തിൽ കണ്ടു. ഞാനും അവിടെ ഇരിപ്പുണ്ടായിരുന്നു. എന്നിട്ട് എന്നോട് പറഞ്ഞു: 'ഇത്

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)***

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരുനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

വീടല്ല വാതിലാണ്. ഇതിൽനിന്ന് നിങ്ങൾക്ക് അനുഗ്രഹം ലഭിക്കുന്നു. ഈ വാതിലിനെ ഒരിക്കലും ഉപേക്ഷിക്കരുത്.' എന്നോട് പറഞ്ഞു:'നിങ്ങളുടെ പിതാവ് ഒരു 'വലിയുല്ലാഹ്' ആണ്. വീണ്ടും പറഞ്ഞു, ഉറപ്പായും വിശ്വസിക്കുക, 'നിങ്ങളുടെ പിതാവ് ഒരു 'വലിയുല്ലാഹ്' ആണ്. ദരിദ്രരുടെ വേദന ഉൾക്കൊണ്ടിരുന്നു. ഒരുപാട് കുടുംബങ്ങളുടെ മാസത്തിലുള്ള റേഷൻ, കുട്ടികളുടെ വിദ്യാഭ്യാസം മരുന്നുകൾ ചികിത്സകൾ തുടങ്ങിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിരുന്നു. നിത്യവും അമ്പതുശതമാനത്തിലേറെ രോഗികളെ സൗജന്യമായി പരിശോധിച്ചിരുന്നു.

അദ്ദേഹത്തിന്റെ മരുമകൻ അബ്ദുസ്സ്വമദ് സാഹിബ് വിവരിക്കുന്നു: വിശുദ്ധ ഖുർആനോടു അതിരറ്റ സ്നേഹമായിരുന്നു. എന്തെങ്കിലും തെളിവ് കൊടുക്കണമെങ്കിൽ ആയത്ത് തീർച്ചയായും ഓതുമായിരുന്നു. പിന്നീട് അതിന്റെ തർജമ പറയുമായിരുന്നു. അനഹ്മദികളുമായി സംസാരിക്കുമ്പോൾ, മിർസാ ഗുലാം അഹ്മദിന്റെ ഏതെങ്കിലും അടയാളമോ മുഅ്ജിസത്തോ കാണിക്കാൻ ആരെങ്കിലും പറഞ്ഞാൽ അദ്ദേഹം പറയും, ഞാൻ തന്നെയാണ് അദ്ദേഹത്തിന്റെ മുഅ്ജിസത്ത്! അദ്ദേഹം ഒരു സമ്പൂർണനായ അഹ്മദിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിൽനിന്ന് എന്തൊന്നാണോ പ്രതീക്ഷിച്ചിരുന്നത് അതിന്റെ ശരിയായ സാക്ഷാത്കാരമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലുണ്ടായിരുന്ന ഒരു കാര്യം ആര് അദ്ദേഹവുമായി ബന്ധപ്പെട്ടാലും അയാളുടെ സ്വഭാവത്തിൽ നന്മയുടെ ചായ്വ് ഉണ്ടാകുമായിരുന്നു എന്നതാണ്. ഇതാണ് ഒരു നല്ല മനുഷ്യന്റെ പ്രത്യേകത. അദ്ദേഹത്തോടൊപ്പം ഇരിക്കുന്നവരും നല്ലവരായിത്തീരുന്നു. ഇതു മാത്രമല്ല താനാണ് അടയാളമെന്ന് തെളിവുകൾകൊണ്ടു പറഞ്ഞു. അനഹ്മദി ചിലപ്പോൾ അത് തമാശയായി മനസ്സിലാക്കിയാൽ പറയുമായിരുന്നു, തമാശ പറയുകയല്ല, യാഥാർഥ്യമാണ്. തെളിവുകൾ നല്കി മറ്റുള്ളവരെ വിശ്വസിപ്പിക്കുമായിരുന്നു. ഒരു അഹ്മദി എന്ന നിലയിൽ ധാരാളം അഹ്മദികൾ ശരിയായ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള ജീവസുറ്റ അടയാളവും മുഅ്ജിസത്തുമാണ്. എല്ലാ അഹ്മദികളും സ്വായത്തമാക്കാൻ ശ്രമിക്കേണ്ട നിലവാരമാണിത്. പഴയ അടയാളങ്ങൾ തിരഞ്ഞു നടക്കുന്നതിനു പകരം സ്വയം ഒരു അടയാളമായിത്തീരുക.

ഇസ്‌ലാമാബാദിലെ നാഇബ് അമീറാണ് അബ്ദുർറഊഫ് സാഹിബ്. അദ്ദേഹം പറയുന്നു: മറ്റൊരു ഡോക്ടറെ തങ്ങൾക്കറിയുകയെ ഇല്ലെന്ന കാര്യം പല ആളുകളും പറയുകയുണ്ടായി. ഇനി തങ്ങളെന്തു ചെയ്യും. ജമാഅത്തിലെ പല സുഹൃത്തുക്കളമുണ്ട് അവർക്ക് ഇതുവരെ ചികിത്സ ഒരു പ്രശ്നമായിരുന്നില്ല. ഒന്നും ചിന്തിക്കാതെയും ആലോചിക്കാതെയും അവർ ഡോക്ടർ നഖിയുദ്ദീൻ സാഹിബിന്റെ ക്ലീനിക്കിൽ എത്തിയിരുന്നു. അവിടെ ചികിത്സ നടത്തിയിരുന്നു. ഒരുപാട് അനഹ്മദി സുഹൃത്തുക്കളും അദ്ദേഹം തങ്ങളുടെ വീട്ടിലെ മുതിർന്ന ആളായിരുന്നുവെന്ന് പ്രകടിപ്പിച്ചിരുന്നു. അദ്ദേഹവും കൂടിയാലോചിക്കാതെ തങ്ങൾ ഒന്നും ചെയ്യുകയില്ലായിരുന്നുവെന്നും അവർ പറയുന്നു. അഹ്മദി മാത്രമല്ല, അനഹ്മദികളും അദ്ദേഹത്തോടു അഭിപ്രായം ആരാഞ്ഞിരുന്നു. ചില അനഹ്മദികൾ, അനഹ്മദി ജമാഅത്ത് കുടുംബങ്ങളുടെ വീട്ടിലെ കുടുംബവഴക്കുകളും കാര്യങ്ങളും ഡോക്ടർ സാഹിബ് പരിഹരിക്കുമായിരുന്നു. കാരണം ആ സ്ഥലത്താണ് അദ്ദേഹത്തിന്റെ ക്ലീനിക് ഉള്ളത്. അവിടെ നാല്പതു വർഷത്തിലേറെയായി അദ്ദേഹം ക്ലീനിക് നടത്തിവരുന്നു. ആദ്യം പിതാവ് വന്നിരുന്നു. പിന്നീട് അവരുടെ മക്കൾ വരാൻ തുടങ്ങി. ഡോക്ടർ സാഹിബ് പലരുടേയും സംഭവങ്ങൾ തന്നെ കേൾപിച്ചിരുന്നുവെന്ന് ഇദ്ദേഹം പറയുന്നു. ചില അനഹ്മദികൾ 'നിങ്ങളിലെന്തെങ്കിലും ഭിന്നിപ്പോ വഴക്കോ ഉണ്ടാകുന്ന നേരത്ത് ഡോക്ടർ നഖിയുമായി കൂടിയാലോചിക്കണമെന്ന് തങ്ങളുടെ മക്കളെ വസ്വിയ്യത്ത് ചെയ്താണ് മരിച്ചുപോയത്.

പിന്നീട് ഇദ്ദേഹം എഴുതുന്നു: കഴിഞ്ഞ വർഷം 2019ൽ ജൂണിലെ അവസാന ജുമുഅ ദിവസം ഡോക്ടർ സാഹിബ് ജുമഅയ്ക്കുശേഷം എന്റെ ഓഫീസിൽ വന്നു. വാതിൽ അടച്ചിട്ട് പറഞ്ഞു, താങ്കളെ ഒരു കാര്യം കേൾപിക്കാനുണ്ട്. ഇതെന്റെ ഭാര്യയ്ക്കുമാത്രമെ അറിയൂ. അദ്ദേഹം പറഞ്ഞു: 'നാലുദിവസം മുമ്പേ ഞാൻ സ്വപ്നത്തിൽ കണ്ടു, യുദ്ധമൈതാനമാണ്. അവിടെ മൃതശരീരങ്ങൾ ചിതറിക്കിടക്കുന്നു. ഞാൻ എന്തുകൊണ്ട് ആ ശഹീദുമാരിൽപ്പെട്ടില്ല എന്നോർത്ത് നില്ക്കുകയാണ്. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശബ്ദം വരുന്നു, ആർക്കാണോ അഞ്ച് മുറിവേല്ക്കുന്നത് അയാൾ ശഹീദുമാരിൽപ്പെടുന്നതായിരിക്കും. അദ്ദേഹം പറയുന്നു, ഞാൻ പിന്നിലേക്ക് തിരിഞ്ഞുനോക്കി. അപ്പോൾ ഹദറ്ത്ത് മസീഹ് മൗഊദ്(അ) ഒരു ഉയർന്ന സ്ഥലത്ത് സൈന്യത്തിന്റെ കമാന്റർ എന്ന പോലെ നില്ക്കുന്നത് കണ്ടു.' ഡോക്ടർ സാഹിബ് പറയുന്നു, 'ഞാനെന്റെ മുറിവ് എണ്ണിനോക്കി. മൂന്നു മുറിവ് ആഴത്തിലുള്ളതായിരുന്നു. ഒന്ന് കാലിലുണ്ടായ ഒരു പോറലായിരുന്നു. ഞാൻ ധാരാളമായി ഇസ്തിഗ്ഫാർ ചൊല്ലാൻ തുടങ്ങി.' അതിനുശേഷം കണ്ണു തുറന്നു. ഇതിന്റെ ഉദ്ദേശ്യമെന്താണെന്ന് ഞാൻ ചിന്തിക്കുകയായിരുന്നു. അപ്പോൾ എന്റെ മനസ്സിൽ ചന്ദയെ കുറിച്ചുള്ള ചിന്ത ശക്തമായി ഇടപ്പെട്ടു. അതിന്റെ കണക്ക് എടുക്കേണ്ടതാണ്. പറയുന്നു, എന്നിൽനിന്ന് അലസത ഉണ്ടായി. അടുത്ത ദിവസം സുബ്ഹി നമസ്കരിക്കുന്നതിന് ഞാനെഴുന്നേറ്റപ്പോൾ ഞാനിതുവരെ കണക്കുകൂട്ടിയിട്ടില്ലെന്ന് ശക്തമായ വിചാരമുണ്ടായി. ഞാൻ പോയി രാവിലെതന്നെ എന്റെ കണക്കുകൂട്ടി. യഥാർഥത്തിൽ കുറച്ചു തുക കണക്കിന് വെളിയിലുണ്ടായിരുന്നു. പറയുന്നു, ഇദ്ദേഹം ഇന്ന് 10ലക്ഷത്തിന്റെ ചെക്ക് മാൽ സെക്രട്ടറി സാഹിബിന് നല്കി. അദ്ദേഹം പറഞ്ഞു, ഞാൻ അന്നുമുതൽ ധാരാളമായി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുകയാണ്.

മുജീബുർറഹ്മാൻ സാഹിബ് അഡ്വേക്കേറ്റിന്റെ മകൻ അസീസുർറഹ്മാൻ സാഹിബ് ഇദ്ദേഹത്തിന്റെ സഹോദരീ പുത്രനാണ്. അദ്ദേഹം പറയുന്നു: പല പ്രാവശ്യവും അദ്ദേഹത്തിന്റെ കുട്ടിക്കാലത്തിന്റേയും മുഴുവൻ ജീവിതത്തിന്റേയും സംഭവങ്ങൾ കേട്ടിട്ടുണ്ട്. തികച്ചും പ്രതികൂല അവസ്ഥകളിൽ അല്ലാഹുവിന്റെ ഫള്ലും മാതാപിതാക്കളുട ദുആകളുംകൊണ്ട് ഡോക്ടറായി. പേപ്പർ വാങ്ങാൻ പൈസയില്ലാത്ത നേരവും കണ്ടിരുന്നുവെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. അപ്പോൾ ഉപയോഗിച്ചുകഴിഞ്ഞ കവറുകൾ ഒരുമിച്ചുകൂട്ടി അതു തുറന്ന് അതിൽ നോട്ട്സെഴുതുമായിരുന്നു. ഇതുപോലെതന്നെ ഗ്രാമത്തിൽ സ്കൂളിൽ പഠിക്കുമ്പോൾ കണക്കു ടീച്ചർ ഉണ്ടായിരുന്നില്ല. അപ്പോൾ മറ്റൊരു ഗ്രാമത്തിൽപോയി അവിടുത്തെ കണക്ക് മാസ്റ്ററിൽനിന്ന് പഠിക്കാറുണ്ടായിരുന്നു. പിന്നീട് സ്കൂളിൽ വന്ന് എന്റെ ക്ലാസിലെ മറ്റുകുട്ടികളെ പഠിപ്പിക്കുമായിരുന്നു.

നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്ന ശീലത്തെ സംബന്ധിച്ച് അദ്ദേഹം വിവരിച്ചു. ചെറുതായിരുന്നപ്പോൾ ഇദ്ദേഹവും ഇദ്ദേഹത്തിന്റെ സഹോദരിയും ഒരു ദിവസം കളിച്ച് കളിച്ച് ഇശാ നമസ്കരിക്കാതെ ഉറങ്ങിപ്പോയി. എങ്ങനെയാണ് അദ്ദേഹത്തിന് നമസ്കാരം ശീലമുണ്ടായതെന്ന് പറയുന്ന ഈ സംഭവം വളരെ ഹൃദ്യമാണ്. പറയുന്നു, നമസ്കരിച്ചോ എന്ന് ഉമ്മ ചോദിച്ചപ്പോൾ, കുട്ടികളായിരുന്നു, അവർ ഉറങ്ങിയിരുന്നു, ഉറക്കത്തിൽ നമസ്കരിച്ചുവെന്ന് പറഞ്ഞു. പറയുന്നു, പാതിരാത്രി മാതാവ് വന്ന് ഉണർത്തി. ഡോക്ർ സാഹിബിന്റെ മാതാവ് കരയുകയായിരുന്നു. നിങ്ങൾ നമസ്കരിച്ചുവെന്ന് എന്നോടു കളവു പറഞ്ഞു. അല്ലാഹു കശ്ഫിലൂടെ എന്നോടു പറഞ്ഞു, നിങ്ങൾ നമസ്കരിച്ചിട്ടില്ലെന്ന്. അദ്ദേഹം പറയുന്നു, ആ ദിവസത്തിനുശേഷം പന്നീട് ഞങ്ങൾ ഒരിക്കലും നമസ്കാരം ഉപേക്ഷിച്ചിട്ടില്ല. ഇതായിരിക്കണം അഹ്മദി മാതാക്കളുടെ സ്ഥാനം. കുട്ടികളുടെ ശിക്ഷണത്തിന്റെ ചിന്ത, നമസ്കാരങ്ങളുടെ ചിന്ത, അതിനുവേണ്ടി ദുആ ചെയ്തിരുന്നു. വേദനയോടെ ദുആ ചെയ്തപ്പോൾ അല്ലാഹു ആ ദൃശ്യവും അവർക്ക് കാണിച്ചുകൊടുത്തു. നിന്റെ മക്കൾ നമസ്കരിച്ചിട്ടില്ലെന്ന് പറഞ്ഞ് ശരിയായ അവസ്ഥ കാണിച്ചുകൊടുത്തു. അവരെ എഴുന്നേല്പിക്കാനും പറഞ്ഞു. അപ്പോൾ കരഞ്ഞുകൊണ്ടു അവരുടെ അടുത്ത് ഓടി വന്നു. തന്റെ മക്കളെ ഉണർത്തി. അതിന് എത്രമാത്രം സ്വാധീനമുണ്ടായെന്നാൽ പിന്നെ ജീവിതത്തിലൊരിക്കലും അവർ നമസ്കാരം ഉപേക്ഷിക്കാത്തവരായി മാറി.

മിക്ക കാര്യത്തിനും തെളിവ് ഖുർആനിൽനിന്നായിരുന്നു നല്കിയിരുന്നത്. അല്ലാഹുവുമായി ജീവസുറ്റ ബന്ധമില്ലെങ്കിൽ ഹദ്റത്ത് മസീഹു മൗഊദ്(അ)ന് ചെയ്ത ബയ്അത്തിന്റെ കടമ നിറവേറ്റപ്പെടുകയില്ല. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യംതന്നെ അല്ലാഹുവുമായുള്ള ജീവസുറ്റ ബന്ധം ഉണ്ടാക്കിത്തരിക എന്നതാണ്.

ഡോക്ടർ അത്വാഉർറഹ്മാൻ സാഹിബ് അദ്ദേഹത്തിന്റെ സഹോദരീ പുത്രനാണ്. ഇദ്ദേഹം പറയുന്നു: വിശുദ്ധ ഖുർആനിൽ ചിന്തിച്ചുകൊണ്ടി

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,***
***'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'***
***(മുസ്‌ലിം)***

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

രിക്കുമായിരുന്നു. വിശുദ്ധ ഖുർആന്റെ അഗാധ ജ്ഞാനമുണ്ടായിരുന്നു. ദീർഘമായ ആയത്തുകൾ മനഃപ്പാഠമായിരുന്നു. പാക്കിസ്താനിലെ ഇന്നത്തെ അവസ്ഥയായിരുന്നിട്ടും കൊടും ശത്രുക്കളെപോലും വീട്ടിൽ ക്ഷണിച്ചുവരുത്തി ജൽസസാലാനയുടെ പ്രോഗ്രാമുകളും ഖുത്ബകളും കേൾപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ തബ്ലീഗിൽ ഭൂരിഭാഗമാളുകളും ആകർഷിതരാകുമായിരുന്നു. അല്ലാഹുവിന്റെ ഫള്ലുകൊണ്ട് ഒരുപാട് ബയ്അത്തുകളും അദ്ദേഹം മുഖേനയുണ്ടായി. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ.

ലണ്ടനിൽ താമസിച്ചിരുന്ന ബഹുമാന്യ ഗുലാം മുസ്തഫാ സാഹിബിനെക്കുറിച്ചാണ് ഇനി പറയുന്നത്. അദ്ദേഹം ഇവിടെ ടിൽഫോർഡിൽ വന്നു. പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലെ സന്നദ്ധ സേവകനായിരുന്നു അദ്ദേഹം. ഏപ്രിൽ 25ന് 69-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 1983ൽ നാലാം ഖിലാഫത്തിന്റെ കാലത്താണ് അദ്ദേഹം ബയ്അത്തു ചെയ്തത്. 1986ൽ ഇദ്ദേഹം ലണ്ടനിൽ വന്നു. മസ്ജിദിൽ താമസം തുടങ്ങിയുടനെ വഖ്ഫു ചെയതുകൊണ്ടുള്ള അപേക്ഷ നല്കിയെങ്കിലും അദ്ദേഹത്തിന് വിദ്യഭ്യാസം വളരെ കുറവായിരുന്നതിനാൽ വഖ്ഫ് സ്വീകരിക്കപ്പെട്ടില്ല എന്നാണ് തോന്നുന്നത്. പക്ഷേ, ഒരു വഖ്ഫെ സിന്ദഗിയെപ്പോലെ ആദ്യം കിച്ചണിലും പിന്നീട് ഓഫീസിലും ജോലി ചെയ്തുകൊണ്ടിരുന്നു. അല്ലാഹു ഫള്ൽ ചെയ്തു. അദ്ദേഹത്തിന്റെ ജോലിയും വിശാലമാക്കി. ശൂന്യമായ കൈകളുമായാണ് അദ്ദേഹം ഇവിടെ വന്നത്. പിന്നെ അല്ലാഹു എങ്ങനെ ബർക്കത്ത് ഇട്ടുവെന്നാൽ കുറച്ചു പ്രൊപർട്ടി വാങ്ങാനുള്ള തൗഫീഖ് കിട്ടി. പിന്നീട് കുറച്ചുകൂടി പ്രൊപർട്ടി ഉണ്ടാക്കാനുള്ള തൗഫീഖ് കിട്ടി. ഇപ്രകാരം അല്ലാഹു ബർക്കത്ത് നല്കി. അതിലെ വരുമാനം അദ്ദേഹം ദരിദ്രരിൽ വിതരണം ചെയ്തു. കുറച്ച് ജമാഅത്തിനുവേണ്ടിയും ചെലവഴിച്ചു. ഞാൻ പറയുകയായിരുന്നു ഇദ്ദേഹം വഖ്ഫെ സിന്ദഗി എന്ന നിലയിൽ ഇങ്ങനെയാണ് താമസിച്ചിത്. ആദ്യം ഖിലാഫത്തെ റാബിആയിലും അദ്ദേഹത്തിന്റേത് ഇതേ രീതിയായിരുന്നിരിക്കും. എന്റെ കാലത്തും ഇതുതന്നെയായിരുന്നു. ഓഫീസിൽനിന്ന് എപ്പോഴെങ്കിലും കച്ചവടസംബന്ധമായി എവിടെയെങ്കിലും പോകണമെങ്കിൽ, അന്യരാജ്യത്ത് പോകണമെങ്കിൽ അല്ലെങ്കിൽ ദീർഘമായ അവധി എടുക്കണമായിരുന്നെങ്കിൽ കുറച്ചുകാലം ഓഫീസിൽ വരാതിരിക്കണമെങ്കിൽ ഔദ്യോഗികമായി താൻ ഇന്ന സ്ഥലത്ത് പോകുകയാണെന്നും തനിക്ക് അവധി വേണമെന്നും പറഞ്ഞ് അവധിയ്ക്ക് അപേക്ഷ സമർപ്പിക്കുമായിരുന്നു; കാരണം ഒരു വാഖ്ഫെ സിന്ദഗിയെപോലെയാണ് അദ്ദേഹം ജോലി ചെയ്തിരുന്നത്. താൻ വഖ്ഫ് അല്ല എന്നാൽ, താൻ തന്നെ വഖ്ഫെ സിന്ദഗിയായി മനസ്സിലാക്കുന്നു എന്ന് പറയുമായിരുന്നു. എന്തായാലും വളരെ കൂറോടുകൂടി അദ്ദേഹം തന്നോടുചെയ്ത പ്രതിജ്ഞ, അല്ലാഹുവിനോടു വഖ്ഫെ സിന്ദഗി എന്ന നിലയിൽ താൻ ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കി; ഔദ്യോഗികമായി വഖ്ഫാണെങ്കിലും അല്ലെങ്കിലും!

മസ്ജിദിൽ താമസിക്കുന്ന കാലത്ത് അദ്ദേഹത്തെ ആരംഭത്തിൽ ആരോ ഹോട്ടലിൽ ജോലി ചെയ്യുന്നതിന് അയച്ചു. അവിടെ അദ്ദേഹത്തിന് വെയിറ്റർ എന്ന നിലയിൽ ജോലി കിട്ടി. ഈ ജോലി അദ്ദേഹത്തിന് നല്ലതായി തോന്നിയില്ല. അടുത്ത ദിവസംതന്നെ ജോലി ഉപേക്ഷിച്ച് അദ്ദേഹം വന്നു. പറഞ്ഞു, 'ഞാൻ ചിന്തിച്ചു; എനിക്ക് ജോലിയൊന്നുമില്ലാതെ തന്നെ പൈസ കിട്ടുന്നുണ്ട്. ഇതിനെക്കാൾ നല്ലത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലങ്കർഖാനലയിലെ പാത്രങ്ങൾ കഴുകുന്നതാണ്.' പിന്നീട് വലിയുല്ലാഹ് ശാഹ് സാഹിബിനോടൊപ്പം മസ്ജിദ് ഫള്ലിലെ കിച്ചണിൽ ജോലി തുടങ്ങി. തുടർന്ന് 'ഹിഫാളത്തെ ഖാസി'ലും കുറച്ചുനാൾ ഡ്യൂട്ടികൾ നല്കിക്കൊണ്ടിരുന്നു. 1993 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തിന് പി.എസ് ഓഫീസിൽ ഡ്യൂട്ടി നൽകി. അന്നുമുതൽ ഇന്നുവരെ ഞാൻ പറഞ്ഞതുപോലെ വളരെ സന്തോഷത്തോടുകൂടി ഇദ്ദേഹം തന്റെ ഡ്യൂട്ടി ചെയ്തു വന്നു. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയ്ക്കു പുറമെ രണ്ടു പുത്രിമാരും ഒരു പുത്രനുമുണ്ട്.

ബഹുമാന്യ ഗുലാം മുസ്തഫാ സാഹിബിനെ കുറിച്ച് അദ്ദേഹത്തിന്റെ ഭാര്യ മഹ്മൂദാ മുസ്തഫാ സാഹിബ എഴുതുന്നു: 'ഞാനും മുസ്തഫാ സാഹിബും ഏകദേശം മുപ്പത്തിനാല് വർഷം ഒരുമിച്ചു ജീവിച്ചു. അത്രയും കാലം അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തിയും അല്ലാഹുവിനു വേണ്ടിയായിരുന്നു എന്നതിന് ഞാൻ സാക്ഷിയാണ്. അദ്ദേഹം ഒരുപാട് സൽഗുണങ്ങളുടെ ഉടമയായിരുന്നു. ആത്മാർഥനായൊരു ഭർത്താവ്, പിതാവ്, സഹോദരൻ, സുഹൃത്ത് എല്ലാമായിരുന്നു. തന്റെ കുടുംബബന്ധങ്ങളെ നിലനിറുത്തുന്ന ആളായിരുന്നു. ദീർഘദൃഷ്ടിയുള്ള യാളായിരുന്നു. എല്ലാ ജോലികളും അറിയുന്ന ആളായിരുന്നു. നിസ്വാർഥ സേവകനായിരുന്നു. ധൈര്യവാനും നിർഭയനുമായിരുന്നു. ഖിലാഫത്തിൽ ജീവാർപ്പണം ചെയ്യുന്ന വ്യക്തിയായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു, ഞാൻ പാക്കിസ്താനിൽ ബയ്അത്ത് ചെയ്തപ്പോൾ എന്നോടുതന്നെ വാഗ്ദാനം ചെയ്തിരുന്നു, എപ്പോഴും ഖിലാഫത്തിന്റെ അടുത്തിരിക്കണമെന്ന്. ആ നേരത്ത് അദ്ദേഹത്തിന്റെ കൈയിൽ ഒരു പ്രവർത്തനമാർഗങ്ങളും ഉണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ കൃപയാൽ ആ വാഗ്ദാനം നിറവേറ്റി. അല്ലാഹു സാഹചര്യങ്ങളും ലഭ്യമാക്കി. സാമ്പത്തികത്യാഗത്തിൽ വളരെ തല്പരനായിരുന്നു. പറയുന്നു: എനിക്കോർമയുണ്ട് എനിക്ക് മകനുണ്ടായി. ഞാൻ അദ്ദേഹത്തോടു പറഞ്ഞു, എന്റെ പകുതി ആഭരണങ്ങൾ ജമാഅത്തിന് കൊടുത്താലോ എന്ന് ചിന്തിക്കുകയാണെന്ന്. ഉടനെ അദ്ദേഹം മറുപടി നല്കി, 'പകുതി നല്കുന്നതെന്തിനാണ് മുഴുവനും കൊടുക്കുക.'

അവർ പറയുന്നു, ആരംഭകാലത്തെ സംഭവമാണ് ആഫ്രിക്കയിൽ മസ്ജിദ് പണിയുന്നതിന് ആഹ്വാനമുണ്ടായി. ആ നേരത്ത് ഞങ്ങൾക്ക് വീടുമുണ്ടായിരുന്നില്ല. പക്ഷേ, ഏതൊരു പൈസ കൈയിൽവന്നാലും അദ്ദേഹം അത് മസ്ജിദ് ചന്ദയിലേക്ക് നല്കുമായിരുന്നു. സ്വന്തം ആവശ്യത്തിനുവേണ്ടി വളരെ പിടിച്ചാണ് ചെലവഴിച്ചിരുന്നത്. എന്നാൽ, മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കുന്നതിനുമുമ്പേ ചിന്തിക്കുക പോലും ചെയ്തിരുന്നില്ല. എപ്പോഴും എവിടെയെല്ലാം ദീനിന് മുൻതൂക്കം നല്കിയോ അവിടെ ഒരു സത്യസന്ധനായ മുഅ്മിനെ പോലെ ദീനും ദുൻയാവും രണ്ടും സമ്പാദിച്ചു. എല്ലാ കാര്യവും ഞാൻ അറിഞ്ഞിരിക്കുന്നതിനുവേണ്ടി എല്ലാ ജോലിയിലും എന്നെ കൂടെ നിറുത്തി. എപ്പോഴും എന്നെ പൂർണ വിശ്വാസമായിരുന്നു.

വീണ്ടും അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: മുസ്തഫാ സാഹിബ് തന്റെ കുടുംബത്തിൽ തനിച്ച് അഹ്മദിയായിരുന്നു. അദ്ദേഹം ബയ്അത്ത് ചെയ്തപ്പോൾ തന്റെ പിതാവിന്റെ അനന്തരാവകാശത്തിൽനിന്ന് ഒന്നും വാങ്ങുകയില്ലെന്ന് സ്വയമേവ വാഗ്ദാനം ചെയ്തിരുന്നു. ദുആ ചെയ്തു: 'അല്ലാഹുവേ! നിന്റെ മസീഹ് സത്യവാനാണെങ്കിൽ– ഞാൻ സത്യവാനാണെന്ന് മനസ്സിലാക്കിയാണ് ബയ്അത്ത് ചെയ്തത് നീ നിന്നിൽനിന്ന് എനിക്ക് നല്കേണമേ. ആരേയും ആശ്രയിക്കുന്നവനാക്കരുതേ.' അല്ലാഹു അദ്ദേഹത്തിന്റെ ഈ ആഗ്രഹവും പൂർത്തിയാക്കി. താങ്കൾ ബയ്അത്തുചെയ്യാൻ ഉയർത്തിയ ചുവട് യഥാർഥത്തിൽ സത്യമാണെന്ന് അല്ലാഹു സ്ഥാപിച്ചു കാണിച്ചുകൊടുത്തു. പിന്നീട് അല്ലാഹു വളരെ വിഭിന്നമായ മാർഗങ്ങളിൽ അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു. എപ്പോഴെങ്കിലും തന്റെ നാട്ടുകാരെല്ലാം അഹ്മദികളാകുമെന്ന ചിന്തയോടെ സ്വന്തം ഗ്രാമത്തിൽ അദ്ദേഹം വലിയൊരു മസ്ജിദും നിർമിച്ചു. ഇതിനുപുറമെ വിവിധ മാർഗങ്ങളിലൂടെ തന്റെ ബന്ധുക്കളേയും സഹോദരിസഹോദരന്മാരേയും സഹായിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു, തന്റെ ദുആ സ്വീകരിക്കപ്പെടുമെന്ന കാര്യത്തിലും അദ്ദേഹത്തിന് ദൃഢവിശ്വാസമായിരുന്നു.' അതിനുള്ള നിരവധി തെളിവുകൾ അവർ തുടർന്നെഴുതിയിട്ടുണ്ട്.

അദ്ദേഹത്തിന്റെ മകൾ സബീഹ മുസ്തഫാ പറയുന്നു: എന്റെ പിതാവിന്റെ ജീവിതലക്ഷ്യം, അല്ലാഹുവിന്റെ സത്തയേയും അവൻ സ്ഥാപിച്ച ഖിലാഫത്ത് വ്യവസ്ഥിതിയേയും സ്നേഹിക്കുക എന്നതായിരുന്നു. അല്ലാഹുവിൽ സമ്പൂർണമായ നിലയിലുള്ള തവക്കുൽ ആയിരുന്നു. ഞാൻ ഇന്ന അവസരത്തിൽ ഇങ്ങനെ ദുആ ചെയ്തിരുന്നുവെന്നും അതിങ്ങനെ പൂർത്തിയായെന്നും ഞങ്ങളോടു അധികവും പറയാറുണ്ടായിരുന്നു. എവിടെനിന്നെങ്കിലും ഖലീഫത്തുൽ മസീഹിന്റെ തബർറുക് കിട്ടണമെന്ന ശ്രമമായിരുന്നു എപ്പോഴും അദ്ദേഹത്തിന്. എവിടെനിന്നെങ്കിലും തബർറുക് ലഭിച്ചാൽ അതിൽനിന്ന് തന്റെ ഓഹരി തീർച്ചയായും സുരക്ഷിതമാക്കി വെക്കുമായിരുന്നു. പിന്നെ കുറേശെ കുറേശെ ആളുകൾക്ക് വിതരണം ചെയ്യുമായിരുന്നു; അവരും അതിൽനിന്ന് അനുഗ്രഹം പ്രാപിക്കാൻ! ജൽസയ്ക്കു വരുന്ന അതി

**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)***

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

ഥികൾക്ക് അല്പാല്പം നല്കുന്നതിനുവേണ്ടി തബർറുക് വീട്ടിലും സമാഹരിച്ചു വെക്കുമായിരുന്നു. മകൾ പറയുന്നു: ഒരിക്കൽ കൂടി യത്തീമായിപ്പോയി എന്ന് തോന്നുമാറുളള വിഷമമാണ് തങ്ങൾക്കുണ്ടായതെന്ന് അബ്ബുവിനെ, എന്റെ പിതാവിനെ അറിയുന്ന ധാരാളമാളുകൾ എനിക്ക് ഫോൺചെയ്തു പറഞ്ഞു. പാവപ്പെട്ടവരെ ഒരുപാട് സഹായിച്ചിരുന്നു. അവർ പറയുന്നു, ഞങ്ങൾ ലണ്ടനിൽ ആയിരിക്കുമ്പോൾ ടൂടിംഗിൽനിന്ന് ഗ്രസൻഹാൾ റോഡിലേക്ക് മാറിത്താമസിച്ചു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ നല്ല നിലയിൽ സേവിക്കാൻ തൗഫീഖ് കിട്ടുന്നതിനുവേണ്ടണ്ടി എത്രയുംവേഗം വലിയൊരു വീടു കിട്ടാനുള്ള ശ്രമത്തിലായിരുന്നു അബ്ബു. വീട് എടുക്കുകയാണെങ്കിൽ ഖിലാഫത്തിന്റെ തണലിൽ എടുക്കണമെന്ന് എപ്പോഴും പറയുമായിരുന്നു. ഇവിടെനിന്ന് ദൂരത്ത് എവിടെയും ഒരിക്കലും പോകാൻ പാടില്ല. അവർ പറയുന്നു: എന്റെ പിതാവ് അങ്ങേയറ്റം ആത്മാർഥതയോടുകൂടി എല്ലാ ഓരോരുത്തരേയും സഹായിക്കുമായിരുന്നു. ആരെങ്കിലും ദുഃഖത്തിലും വിഷമത്തിലും അകപ്പെട്ടിരിക്കുന്നതുകണ്ടാൽ അയാളുടെ നന്മയ്ക്കു വേണ്ടി കഴിയുന്നത്ര ശ്രമിക്കുമായിരുന്നു. തന്റെ രോഗത്തിന്റെ ദിനങ്ങൾക്കുമുമ്പേ 'എപ്പോഴും ജമാഅത്തുമായി ചേർന്നിരിക്കണമെന്നും നമസ്കരിക്കുകയും കൃത്യമായി വിശുദ്ധഖുർആൻ ഓതുകയും ചെയ്യണമെന്നും അപ്രകാരം ചെയ്താൽ അല്ലാഹു എപ്പോഴും കൂടെയുണ്ടാകുമെന്നും' എന്നെ അവസാനമായി ഉപദേശിച്ചു. ചന്ദ നൽകുന്നത് ഒരിക്കലും വൈകിക്കരുതെന്ന് എപ്പോഴും ഓർമിപ്പിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ രണ്ടാമത്തെ മകളുണ്ട്. ആദ്യം പറഞ്ഞത് ചെറിയ മകളായിരുന്നു. മൂത്തമകൾ മദീഹ മുസ്തഫാ പറയുന്നു: 'എന്റെ പിതാവ് ഒരു ഗ്രാമത്തിൽനിന്ന് വന്നയാളാണെന്നതിൽ സംശയമില്ല. അധികം വിദ്യാഭ്യാസവുമുണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ ചിന്താഗതികളും ദീർഘവീക്ഷണവും ജീവിതത്തിന്റെ അടിസ്ഥാന തത്ത്വങ്ങളും അദ്ദേഹത്തെ ധാരാളം പഠിച്ചിട്ടുള്ളവരെക്കാൾ മീതെ കൊണ്ടുപോയി. ഇന്നത്തെ ലോകത്ത് യഥാർഥ അർഥങ്ങളിൽ പുരുഷനും സ്ത്രീക്കും തുല്യമായ സ്ഥാനം നല്കുന്ന അത്തരത്തിലുള്ള കുറച്ചുപേരെ മാത്രമെ കണ്ടിട്ടുള്ളൂ. അദ്ദേഹം പെൺമക്കളെ ഒരിക്കലും ഭാരമായി കരുതിയില്ല. എന്നല്ല മിക്കപ്പോഴും പറയുമായിരുന്നു, ആർക്കാണോ മകൾ ജനിച്ചത് അവൻ ആർദ്രമാകുകയും അവന്റെ ജോലിയുടെ നാളുകൾ അവസാനിക്കുകയും സൗഖ്യത്തിന്റെ നാളുകൾ ആരംഭിക്കുകയും ചെയ്തു. അവർ പറയുന്നു, തന്റെ ആൺമക്കൾക്കും പെൺമക്കൾക്കും തുല്യമായ തഅ്ലീമിന്റേയും തർബിയ്യത്തിന്റേയും നിർബന്ധ കടമ നല്ലവണ്ണം നിറവേറ്റി. അതിൽ ഒരു കുറവും വരുത്തിയില്ല. പക്ഷേ, അതിനോടൊപ്പം അദ്ദേഹം കുട്ടികളോടു സ്നേഹമുണ്ടായിട്ടും അല്ലാഹുവിനോടുള്ള കടമകളും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകളും പിന്നിൽ ഉപേക്ഷിച്ചില്ല. പെരുന്നാളാണെങ്കിലും മകളുടെ വിവാഹമാണെങ്കിലും മറ്റെന്തെങ്കിലും ജോലിയാണെങ്കിലും അദ്ദേഹം ഒരിക്കലും നമസ്കാരം ഉപേക്ഷിച്ചില്ല. അല്ലാഹുവിൽ തവക്കുൽ ഉണ്ടായിരുന്നു. ഒരു കാര്യവും പിന്നിലാകുകയില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. എന്തെങ്കിലും ചിന്ത ഉണ്ടായിരുന്നെങ്കിൽ, ആരാധന കുറഞ്ഞ കാരണത്താൽ അല്ലാഹുവിന്റെ എന്തെങ്കിലും വെറുപ്പുണ്ടാകരുതേ എന്നതായിരുന്നു.

അദ്ദേഹത്തിന്റെ മകൻ സർഫറാസ് മഹ്മൂദ് പറയുന്നു: ഞങ്ങൾ ടൂടിംഗിൽ താമസിക്കുമ്പോഴും പതിവായി നമസ്കാരത്തിന് മസ്ജിദ് ഫള്‌ലിൽ പോകുമായിരുന്നു. ഏതെങ്കിലും നമസ്കാരത്തിന് മസ്ജിദിൽ പോകാൻ കഴിഞ്ഞില്ലെങ്കിൽ വീട്ടിൽ എല്ലാവരുംചേർന്ന് ജമാഅത്തായി നമസ്കരിക്കാനുള്ള ഏർപാടു ചെയ്യുമായിരുന്നു. ജീവിതത്തിൽ നീ എന്തെങ്കിലും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അത് സാധിപ്പിച്ചുതരാൻ അല്ലാഹുവിന് മാത്രമെ കഴിയുകയുള്ളുവെന്ന് എന്നോടു പറയാറുണ്ടായിരുന്നു. നമസ്കാരത്തിന്റെ സമയമായാൽ മറ്റുള്ള എല്ലാ ജോലികളും മാറ്റിവെച്ച് ആദ്യം നമസ്കരിക്കുമായിരുന്നു. ഈ മകൻ തുടർന്നു പറയുന്നു: 15 വയസ്സുവരെ എന്നെ പതിവായി സുബ്ഹി നമസ്കാരത്തിന് മസ്ജിദിൽ കൊണ്ടുവരുമായിരുന്നു. അദ്ദേഹത്തിന്റെ ദുആയുടെ ഫലമായാണ് ഞങ്ങൾക്ക് ഇന്ന് അനുഗ്രഹങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നത്. സുബ്ഹി നമസ്കാരത്തിനുശേഷം മസ്ജിദിൽനിന്ന് വരുമ്പോൾ ഞാൻ മസ്ജിദിൽ പോയോ എന്നു നോക്കുമായിരുന്നു. എപ്പോഴെങ്കിലും മടികാണിച്ചാൽ, അല്ലാഹുവിനോടു നന്ദികേടു കാണിക്കുന്നതായാൽ നിനക്ക് നഷ്ടമാണുണ്ടാകുക എന്നു പറയുമായിരുന്നു. അല്ലാഹുവിന് നിന്റെ നമസ്കാരത്തിന്റെ ആവശ്യമൊന്നുമില്ല. ഓരോ മനുഷ്യനും അവനവനുവേണ്ടിയാണ് നമസ്കരിക്കുന്നത്. പറയുന്നു, രോഗം കാരണത്താൽ ഞങ്ങൾ ആംബുലൻസ് വിളിപ്പിച്ചു. ആ നേരത്ത് കനത്ത ശബ്ദത്തിൽ ശ്വാസം വലിക്കുന്നുണ്ടായിരുന്നു. പക്ഷേ, ആ സമയത്തും കിടക്കുന്നതിനും ഇരിക്കുന്നതിനും പകരം നിന്നിട്ടാണ് നമസ്കരിച്ചത്. ആശുപത്രിയിൽ പോകുമ്പോൾ ഗോവണി ഇറങ്ങുകയായിരുന്നപ്പോൾ നമസ്കാരം ജമാഅത്തായിട്ട്, എപ്പോഴും ജമാഅത്തോടുകൂടി സമയത്ത് നമസ്കരിക്കണമെന്ന് ആവർത്തിച്ച് പറയുന്നുണ്ടായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് ആതിഥ്യം നല്കുമായിരുന്നു. വലിയ വീടായിരുന്നു. അവിടെ നാല്പതിനടുത്ത് ജൽസ അതിഥികളുണ്ടാകുമായിരുന്നു. ഇവിടെ മസ്ജിദിനടുത്ത് താമസം തുടങ്ങിയപ്പോൾ ചെറിയ വീടായിരുന്നു. അവിടേയും ഇരുപത്തഞ്ച് ആളുകൾക്കുള്ള സംവിധാനമുണ്ടായിരുന്നു. ആ വീട്ടിലും 25 പേരെ താമസിപ്പിക്കുക എന്നത് പ്രയാസമുള്ള കാര്യമായിരുന്നു. പക്ഷേ, വളരെ സന്തോഷത്തോടെ അതു ചെയ്തിരുന്നു. ഞാനും അദ്ദേഹത്തോടു പല പ്രാവശ്യം ചോദിച്ചിട്ടുണ്ട്, അദ്ദേഹം പറഞ്ഞു: ഞങ്ങൾ ഞങ്ങളുടെ കാര്യം എങ്ങനെയെങ്കിലുമൊക്കെ കഴിച്ചുകൂട്ടുന്നു. അതിഥികൾക്ക് വീട് വിട്ടുനല്കുന്നു. ദീനും ദുൻയാവും രണ്ടും കൂടെക്കൂട്ടി മുന്നോട്ടു പോകണമെന്ന് എപ്പോഴും പറയുമായിരുന്നു. പക്ഷേ, ഓർക്കുക ഇത് എളുപ്പമുള്ള കാര്യമല്ല. എന്തെങ്കിലും ഭൗതികകാര്യം മുന്നിൽവന്നാൽ ദീനിനെ എപ്പോഴും മുന്തിക്കേണ്ടതാണ്. എപ്പോഴും ഈ ഉപദേശമാണ് അദ്ദേഹം മക്കൾക്കു നല്കിയത്. നമ്മുടേതെല്ലാം ജമാഅത്തിന്റെ അമാനത്താണെന്നും അതുകൊണ്ട് അതു സംരക്ഷിക്കേണ്ടത് നമ്മുടെ ജോലിയാണെന്നും എപ്പോഴും എന്നെ ഉപദേശിക്കുമായിരുന്നു. അക്കാര്യം ജമാഅത്തിന് പ്രയോജനപ്പെടണം എന്ന നിയ്യത്തോടെ ആ അമാനത്തിനെ വർധിപ്പിക്കണം.

ചന്ദ കൊടുക്കുന്നത് താമസിപ്പിക്കരുതെന്ന് ഉപദേശിക്കുമായിരുന്നു. സ്വയം മാസത്തിന്റെ ആദ്യ ദിവസം തന്നെ ചന്ദകൾ നൽകുമായിരുന്നു. എന്നിട്ടു പറയുമായിരുന്നു; ജമാഅത്തിന് നമ്മുടെ ചന്ദയുടെ ആവശ്യമുണ്ടെന്ന് കരുതരുത്. മറിച്ച് ചന്ദ നൽകുന്നതിലൂടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നമുക്ക് ആകർഷിച്ചെടുക്കാൻ സാധിക്കും.

മകൻ സർഫറാസ് പറയുന്നു, രോഗത്തിന്റെ അവസാനം വെന്റിലേറ്റർ ഘടിപ്പിച്ചപ്പോൾ കോമയിലേക്ക് പോകുന്നതിനുമുമ്പേ, പിന്നീട് കോമയിലേക്ക് പോയിരുന്നു– അവസാനമായി അദ്ദേഹം എന്നോടു പറഞ്ഞ വാക്കുകൾ സർഫറാസേ! മാസത്തിന്റെ ആദ്യം ദിവസം കഴിഞ്ഞുവെന്ന് എനിക്കറിയാം, എന്റെ അലമാരയിൽ ചെന്നുനോക്കുക, അവിടെ എല്ലാ ഫയലുകളുമുണ്ട്, എന്റെ ചന്ദയുടെ കണക്കുകൾ എഴുതിയിട്ടുണ്ട്. എന്റെ ചന്ദ മുഴുവനും കൊടുക്കുക. എന്റെ ഉപദേശം എപ്പോഴും ഓർമ വെക്കണം, 'ഓരോ മാസത്തിന്റേയും ആദ്യദിവസം എല്ലാ ചന്ദയും കൊടുക്കണം, അതിൽ ഒരിക്കലും താമസം വരുത്തരുത്.'

അദ്ദേഹത്തിന്റെ ഭാര്യാപിതാവ് കറാമത്തുല്ലാഹ് സാഹിബ് പറയുന്നു: 'എന്റെ പ്രിയപ്പെട്ട മുസ്തഫാ, തന്റെ ഭാര്യയുടെ കുടുംബബന്ധത്തെ വളരെ ആത്മാർഥതയോടെ നിറവേറ്റി. ഈയുളളവന് തന്റെ യഥാർഥ പിതാവിന്റെ പദവി നല്കി. മുസ്തഫാ ജീവിതം മുഴുവൻ അല്ലാഹുവിന് ഇബാദത്തു ചെയ്തും ഖിലാഫത്തിന്റെ കാലടികളിൽ സേവനം ചെയ്തും കഴിച്ചു.'

ബിലാൽ അദ്ദേഹത്തിന്റെ ജാമാതാവാണ്. അദ്ദേഹം പറയുന്നു: വിവിധ ഖുർആനിക ദുആകളുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടേയും ഫോട്ടോകോപ്പി എടുത്ത് വായിക്കാനും ഖുർആനിക ദുആകൾ ഹൃദിസ്തമാക്കാനും എനിക്കും മറ്റുള്ള മക്കൾക്കും സ്നേഹിതന്മാർക്കും ബന്ധുക്കൾക്കും കൊടുക്കുമായിരുന്നു. അദ്ദേഹം പറയുന്നു, മസ്ജിദ് ഫള്‌ലിൽ നടന്ന ദർസുകളുടെ കോപ്പികൾ വാങ്ങി വീട്ടിൽകൊണ്ടുവന്ന് വീണ്ടും വായിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എല്ലാവർക്കും വായിക്കാൻ കൊടുക്കുകയും ചെയ്യും. മൊബൈൽ ഫോണിൽ ഫോട്ടോ എടുത്ത് തന്റെ മറ്റുള്ള അനഹ്മദി സഹോദരി സഹോദരന്മാർക്കും അവരുടെ മക്കൾക്കും അയച്ചുകൊടുക്കുമായിരുന്നു. അതിനുശേഷം വായിച്ചോ എന്ന് അവർക്ക് ഫോൺ ചെയ്ത് ചോദിക്കുമായിരുന്നു. അങ്ങനെ തബ്ലീഗ് ചെയ്തുകൊണ്ടുമിരുന്നു. അതിഥിസൽക്കാര പ്രിയനായിരുന്നു. സാധാരണ ദിവസങ്ങളിൽ ആരെയെങ്കിലുമൊക്കെ അതിഥി എന്ന നിലയിൽ വീട്ടിൽ കൊണ്ടുവരുമായിരുന്നു. ജൽസാ ദിനങ്ങളിൽ 24 മണിക്കൂറും അതിഥികൾ വന്നുംപോയുമിരുന്നു. സ്വന്തം വീടെന്ന് മനസ്സിലാക്കാനും വന്നും പോയുമിരിക്കാനും ചോദിക്കേണ്ട ആവശ്യമൊന്നുമില്ലെന്നും ഓരോരുത്തരോടും പറയുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് അദ്ദേഹം എല്ലാ മുൻഗണനയും നല്കിയിരുന്നു. എപ്പോഴും തന്റെ വീട് തുറന്നു കിടക്കുകയാണെന്ന് പറയുമായിരുന്നു. ആരെങ്കിലും ഒരു പ്രാവശ്യം താമസിക്കാൻ അദ്ദേഹത്തിന്റെ വീട്ടിൽ വരികയും അടുത്ത വർഷം വേറെ എവിടെയെങ്കിലും താമസിക്കേണ്ട സന്ദർഭം ഉണ്ടാകുകയും ചെയ്താൽ, തന്നിൽനിന്ന് എന്തെങ്കിലും വീഴ്ച ഉണ്ടായിരിക്കുമോ അതിഥിസൽക്കാരത്തിൽ എന്തെങ്കിലും കുറവുവന്നിട്ടുണ്ടോ അതുകൊണ്ടാണോ തന്റെ വീട്ടിൽ വരാതിരുന്നത് എന്നോർത്ത് വളരെ പ്രയാസപെടുമായിരുന്നു. പിന്നീട് അവസരം കിട്ടിയാൽ നിർബന്ധിച്ച് അവരെ വീട്ടിൽ കൊണ്ടുവരികയും ചെയ്യും. നമസ്കാര സമയത്ത് തടസങ്ങളൊന്നും ഉണ്ടാകാതിരിക്കാൻ അതനുസരിച്ചാണ് ഭൗതികജോലികളും പ്രവർത്തനങ്ങളും ക്രമീകരിച്ചിരുന്നത്. ജോലികൾ വിട്ട് മസ്ജിദിൽ എത്താറുണ്ടായിരുന്നു.

ഇതുപോലെ അദ്ദേഹത്തിന്റെ ബന്ധത്തിലുള്ള സഹോദരൻ സുഹയ്ൽ അഹ്മദ് സാഹിബ് ചൗദ്രി പറയുന്നു: എങ്ങനെയുള്ള വ്യക്തിത്വമായിരുന്നുവെന്നാൽ അദ്ദേഹത്തിന് മൂന്നു കാര്യങ്ങളിൽ മനസിളകുന്ന അഭിനിവേശമായിരുന്നു. ഇബാദത്ത്, രണ്ടാമത്തേത് ഖിലാഫത്തുമായുള്ള ബന്ധം, മൂന്നാമത്തേത് അതിഥി സൽക്കാരം. മുസ്തഫാ ഭായിയുടെ വീട് ജൽസാദിനങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെക്കൊണ്ട് നിറഞ്ഞിരുന്നു; ഒരു സത്രത്തിന്റെ ദൃശ്യംപോലെയായിരുന്നു.

അസ്‌ലം ഖാലിദ് സാഹിബ് നമ്മുടെ പ്രൈവറ്റ് സെക്രട്ടറി ഓഫീസിലെ ഉദ്യോഗസ്ഥനാണ്. അദ്ദേഹം പറയുന്നു: ഞങ്ങളുടെ ഓഫീസുമായി അദ്ദേഹത്തിന് നിത്യവുമുള്ള ബന്ധമായിരുന്നു. ഒരുപാട് വിശേഷഗുണങ്ങളുടെ ഉടമയായിരുന്നു. നിർഭയനും നന്മകളിൽ മുൻകടന്നുപോകുന്ന വ്യക്തിയും ദരിദ്രരെ പരിപാലിക്കുകയും അതിഥികളെ സൽക്കരിക്കുകയും ചെയ്യുന്നയാളും ചന്ദകളിൽ അതുല്യനും എല്ലാ സൽക്കർമവും അന്വേഷിക്കുന്ന ദേഹവുമായിരുന്നു. ഓഫീസിൽ എല്ലാവരിൽനിന്നും അത്യാഗ്രഹിയെപ്പോലെ ജോലി തട്ടിയെടുത്ത് സ്വയം ചെയ്യാൻ കൊതിച്ചിരിക്കുമായിരുന്നു. ഇതാണ് എന്റെ സമ്പാദ്യമെന്നും ഇതാണ് നേരായ ജോലിയെന്നും അപ്പോഴാണ് സന്തോഷമെന്നും അദ്ദേഹം പറയുമായിരുന്നു.

ഫഹീം അഹ്മദ് ഭട്ടിയും പ്രൈവറ്റ് സെക്രട്ടറിയിലെ ഉദ്യോഗസ്ഥനാണ്. ഇദ്ദേഹം വളന്റിയറാണ്. ഇദ്ദേഹവും പറയുന്നു, ഏകദേശം 1992 മുതൽ ഓഫീസിൽ ജോലി ചെയ്യാൻ തുടങ്ങി. ആ ദിവസങ്ങളിൽ സ്റ്റാഫ് കുറവായിരുന്നു. കൃത്യമായി ജോലി ചെയ്യുമായിരുന്നു. കൂറുപുലർത്തുന്നയാളും ജീവാർപിതനായ ജോലിക്കാരനുമായിരുന്നു. ഒരുപാട് സദ്ഗുണങ്ങളുടെ ഉടമയായിരുന്നു. അവയിൽ ഏറ്റവും കൂടുതൽ വ്യക്തവും പ്രിയപ്പെട്ടതും അസൂയാർഹവുമായ സദ്ഗുണം ഖിലാഫത്തിനോടുള്ള ഹൃദയംഗമമായ സ്നേഹവും അനുസരണവും ആജ്ഞാപാലനവും ചെറിയ ചെറിയ കാര്യങ്ങളിൽപോലും മാർഗദർശനം തേടുക എന്നതുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന് സാമ്പത്തികമായ ഐശ്വര്യം നല്കിയിരുന്നു. എപ്പോൾ അതിനെക്കുറിച്ച് പറയുകയാണെങ്കിലും ഈ ഓഫീസിൽ ജോലി ചെയ്യുന്നതുകൊണ്ടും ഈ വാതിലിന്റെ ബർക്കത്തുകൊണ്ടുമാണ് എനിക്ക് എല്ലാ കിട്ടിയതെന്ന് അദ്ദേഹം പറയുമായിരുന്നു.

ഡോക്ടർ ത്വാരിഖ് ബാജ്‌വ സാഹിബ് പറയുന്നു: 'ഞാനും അദ്ദേഹവുമായുള്ള സുഹൃത്ബന്ധം 1980–81 മുതലുള്ളതാണ്. അഹ്മദിയ്യത്ത് സ്വീകരിച്ചതുമുതൽ വഫാത്തുവരെ അദ്ദേഹത്തെ വളരെ അടുത്തുനിന്ന് നോക്കാനുള്ള അവസരം കിട്ടി. നിരവധി സവിശേഷ ഗുണങ്ങളുടെ ഉടമയായിരുന്നു. അല്ലാഹുവിൽ തവക്കുൽ ചെയ്യുന്ന ആളും ഖിലാഫത്തിന്റെ പ്രേമിയുമായിരുന്നു. സിന്ധിൽ വന്നിട്ട് തന്റെ ഒരു അകന്ന ബന്ധുവിന്റെ അടുത്ത് താമസം തുടങ്ങി. കാരണം അവിടെ പഞ്ചാബിൽ അദ്ദേഹത്തിന്റെ ഭൂമി സംബന്ധമായി കുറച്ചു കേസുണ്ടായി. അവിടെനിന്ന് പോലീസിൽനിന്ന് രക്ഷപ്പെട്ടാണ് ഇവിടെ വന്നത്. അവിടെ അഹ്മദിയ്യത്തിനെ അദ്ദേഹം പരിചയപ്പെട്ടു. മൂന്നുവർഷംവരെ തുടർച്ചയായി അദ്ദേഹവുമായി പ്രബോധന പരമ്പര നടന്നു കൊണ്ടിരുന്നു. ഇതിന്നിടയിലും ഇദ്ദേഹം അവിടുത്തെ അഹ്മദിയ്യ മസ്ജിദിൽ പതിവായി ബാങ്കു കൊടുത്തുകൊണ്ടിരുന്നു. അതിനോടു അദ്ദേഹത്തിന് ആരംഭം മുതലേ താൽപര്യമായിരുന്നു. അവസാനം അദ്ദേഹം ഒരു സ്വപ്നം കണ്ടതിനുശേഷം ക്ഷണത്തിൽ ബയ്അത്തു ചെയ്തു. ആ സ്വപ്നം ഇതായിരുന്നു: വീട്ടിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് വന്നിരിക്കുന്നു. പുഞ്ചിരിച്ചുകൊണ്ട് പറയുന്നു, രണ്ടു ഖുദ്ദാം ആവശ്യമുണ്ട്. പിന്നെ സലീം സാഹിബും മുസ്തഫാ സാഹിബിനെ ചൂണ്ടിക്കൊണ്ട് പറയുന്നു, ഒന്ന് താങ്കൾ വരിക. അതിനുശേഷമാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. ബയ്അത്തിനുമുമ്പേതന്നെ ജമാഅത്തിന്റെ ഇജ്തിമാകളിലും മറ്റു പങ്കെടുക്കാറുണ്ടായിരുന്നു. ബയ്അത്തിനുശേഷം ആത്മാർഥതയിൽ വളരെ അഭിവൃദ്ധിപ്പെട്ടു. ശ്രദ്ധയോടെ ഖുത്ബകളും ചോദ്യോത്തരങ്ങളും കേട്ട് അവയിൽ എത്രമാത്രം വിശ്വാസം വന്നിരുന്നുവെന്നാൽ താൻ സ്വയം അനഹ്മദി മൗലവിമാർക്ക് മതിയായവനാണെന്നും തന്റെ മുമ്പിൽ ആർക്കും നില്ക്കാൻ കഴിയുകയില്ലെന്നും പറയുമായിരുന്നു. പല തവണ അദ്ദേഹത്തിന് ഉംറ ചെയ്യാൻ തൗഫീഖ് കിട്ടി. പിന്നീട് 2010 ൽ അദ്ദേഹത്തിന് അല്ലാഹു ഹജ്ജ് ചെയ്യാനും സൗഭാഗ്യം നല്കി. ഖാദിയാനോടും സ്നേഹമായിരുന്നു. അധികവും അവിടെ ആദ്യമെ പോകുമായിരുന്നു. മർക്കസിൽ വീടെടുക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അവിടെ വീടെടുക്കുകയും പിന്നീട് ജമാഅത്തിന് സമർപിക്കുകയും ചെയ്തു.

അദ്ദേഹത്തെ ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടർ ഇബ്റാഹീം നാസിർ ഭട്ടി സാഹിബ് പറയുന്നു: ഞാൻ ഗുലാം മുസ്തഫാ സാഹിബിനെ കൂടുതൽ കാലമായി അറിയുന്ന ആളല്ല. അവസാന ചികിത്സയ്ക്കിടയിൽ കൺസൾട്ടന്റ് എന്ന നിലയിൽ അദ്ദേഹത്തെ നോക്കാനുള്ള അവസരം കിട്ടി. യാദൃച്ഛികമായി ഇദ്ദേഹം അവിടുത്തെ ആശുപത്രിയിൽ ഡോക്ടറായിരുന്നു; മുസ്തഫാ സാഹിബ് അദ്ദേഹത്തിന്റെ രോഗിയുമായി. പറയുന്നു, അദ്ദേഹത്തെ അവസാന രോഗത്തിൽ നോക്കുന്നതിനുള്ള അവസരം കിട്ടി. കൊറോണാ വൈറസ് രോഗത്തിന്റെ തീവ്രത കാരണം അദ്ദേഹം എപ്പോഴും അങ്ങേയറ്റം ദൃഢഗാഢമായ നിലയിൽ അല്ലാഹുവിന്റെ തൃപ്തിയിൽ സംതൃപ്തനായിരുന്നു. എനിക്കോർമയുണ്ട്. ഞാൻ അദ്ദേഹത്തിന്റെ അടുത്തു വന്നു. അദ്ദേഹത്തോടു പറഞ്ഞു, രോഗത്തിന്റെ കടുപ്പം കാരണത്താൽ ഒരു പക്ഷേ, ഭേദമാകുക അസംഭാവ്യമാണ്. ഇതുകേട്ട് മുസ്തഫാ സാഹിബ് കുറച്ചുനേരം മിണ്ടാതിരുന്നു. പിന്നീട് പറഞ്ഞു, അല്ലാഹു ആഗ്രഹിക്കുന്നതിൽ ഞാൻ സംതൃപ്തനാണ്. അദ്ദേഹത്തിന്റെ മുഖത്ത് ദുഃഖത്തിന്റേയും ചിന്തയുടേയും ഒരു ലക്ഷണവുമുണ്ടായിരുന്നില്ല. അങ്ങേയറ്റം ശാന്തനായിരുന്നു. പിന്നീട് ഡോക്ടർ സാഹിബ് പറയുന്നു: രണ്ടാമത്തെ മാതൃക എന്നെ വല്ലാതെ ആകർഷിച്ചത് അദ്ദേഹത്തിന്റെ ഖിലാഫത്തിനോടുള്ള സ്നേഹമായിരുന്നു. രോഗത്തിന്റെ കടുപ്പം കാരണത്താൽ ഞങ്ങൾക്ക് സി.പി.എ. സി. ഘടിപ്പിക്കേണ്ട ആവശ്യമുണ്ടായി. അത് ഓക്സിജൻ എത്തിക്കുന്നതിനുള്ള അതികഠിനമായ ഒരു മെഷീനാണ്. അത് ചില ഘട്ടങ്ങളിൽ മനുഷ്യരെ പരിഭ്രമചിത്തരാക്കിക്കളയും. ബുദ്ധിമുട്ടുകാരണത്താൽ ഭയാനകമായ അവസ്ഥ ഉണ്ടാകുന്നു. മെഷീൻ ഘടിപ്പിച്ച കാരണത്താൽ അദ്ദേഹത്തിന് പ്രയാസമനുഭവപ്പെടാൻ തുടങ്ങിയപ്പോൾ വീട്ടുകാർ, എന്നിൽനിന്നുള്ള (ഖലീഫത്തുൽ മസീഹിൽ നിന്നുള്ള) സന്ദേശം അദ്ദേഹത്തോടു പറഞ്ഞു: 'കാലത്തിന്റെ ഖലീഫ താങ്കളോട് ഡോക്ടറുടെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കുക എന്നാണ് പറയുന്നത്.' എന്റെ ഈ സന്ദേശം അദ്ദേഹത്തിന് ലഭിക്കുമ്പോൾ അദ്ദേഹം പെട്ടെന്ന് റിലാക്സ് ആകുമായിരുന്നു. സൗഖ്യത്തോടെ മെഷീനുമായി പൊരുത്തപ്പെടുമായിരുന്നു. അദ്ദേഹത്തിന്റെ സഹിഷ്ണുത വർധിച്ചതായി തോന്നുമായിരുന്നു; ശരീരത്തിൽ പൊടുന്നനെ ശക്തി വന്നതുപോലെ! അദ്ദേഹം പറയുന്നു: ഞാൻ കണ്ടു. അദ്ദേഹം ഹോമിയോപ്പതി മരുന്ന് കഴിച്ചിരുന്നത് രോഗം ഭേദമാകുമെന്ന നിലയിലല്ല. ഞാൻ(ഹുദൂർ) അദ്ദേഹത്തിന് ആ കുറിപ്പടി നല്കിയതു കൊണ്ടു മാത്രമായിരുന്നു. ഡോക്ടർ സാഹിബ് പറയുന്നു: ഖിലാഫത്തിനോടുള്ള സ്നേഹത്തിന്റേയും കൂറിന്റേയും ബന്ധം അതുല്യമായിരുന്നു. അതിൽ ആകർഷിതനാകാതെ എനിക്കിരിക്കാൻ പറ്റുകയില്ല.

അല്ലാഹു ഈ പരേതരായ എല്ലാവരുടെയും പദവികൾ ഉയർത്തുമാറാകട്ടെ. അല്ലാഹുവിനോടും അവന്റെ ദീനിനോടും അവർ കാണിച്ച കൂറും അതുപോലെ അവരുടെ ബയ്അത്തിന്റെ പ്രതിജ്ഞകൾ നിറവേറ്റാനുള്ള പരിശ്രമവും, അതിനേക്കാൾ ഉപരിയായി അല്ലാഹു അവരോടു സ്നേഹത്തോടെ പെരുമാറട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതനുസരിച്ച് ഇവർ ശുഹദാക്കളിൽപെട്ടവരാണ്. അല്ലാഹു അവരുടെ സന്താനങ്ങളെ സമാധാനത്തിലും സംരക്ഷണയിലും വെക്കുമാറാകട്ടെ. അവരുടെ നന്മകൾ സ്വായത്തമാക്കാനും തുടർന്നുകൊണ്ടു പോകാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവുമായി ബന്ധമുണ്ടാക്കുവാനും ജമാഅത്തുമായും ഖിലാഫത്തുമായും എപ്പോഴും കൂറോടു കൂടിയ ബന്ധം നിലനിറുത്തുവാനും തൗഫീഖ് നൽകുമാറാകട്ടെ. അവരുടെ മാതാപിതാക്കൾ അവർക്കുവേണ്ടി ചെയ്ത ദുആകൾ എപ്പോഴും അല്ലാഹു അവർക്കുവേണ്ടി സ്വീകരിക്കുമാറാകട്ടെ.(ആമീൻ).




## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്‌ലിം)*

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 നവംബർ 03, ശനിയാഴ്ച:

**(വിശ്വാസം ദൃഢീകരിക്കുന്ന അതിഥികളുടെ പ്രതികരണങ്ങൾ തുടർച്ച)**

❋ 51-ാമത് ഡിസ്ട്രിക്ടിൽനിന്നുള്ള വെർജീനിയ സ്റ്റേറ്റ് delegates ന്റെ അംഗം Hala Ayala അവർ പരിപാടിയുടെ ആരംഭത്തിൽ പ്രസംഗിക്കുകയും ചെയ്തിരുന്നു, തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: 'ഞാൻ തന്നെയും ഒരു മുഹാജിറിന്റെ മകളാണ്. ഖലീഫത്തുൽ മസീഹ് (അയ്യദഹുല്ലാഹുത്ത ആലാ ബിനസ്രിഹിൽ അസീസി)ന്റെ വാക്കുകൾ ഒരു ലേപനം ആയിരുന്നു; പ്രത്യേകിച്ചും നമ്മൾ പ്രതീക്ഷ തിരഞ്ഞു നടക്കുന്ന ഇക്കാലത്ത്. നമുക്ക് ഇപ്പോൾ ഐക്യത്തിന്റെ ആവശ്യമുണ്ട്. ഈ രാജ്യത്തിന്റെ ക്ഷേമകാര്യങ്ങൾക്കുവേണ്ടി ഒന്നിക്കേണ്ട കാര്യമാണുള്ളത്. ഹുദൂറിന്റെ പ്രഭാഷണം നമ്മുടെ രാജ്യത്തിന്റെ അവസ്ഥ പരിഗണിക്കുമ്പോൾ അങ്ങേയറ്റം ചേർന്നതാണെന്നാണ് ഞാൻ വിചാരിക്കുന്നത്.

ഞാനിവിടെ ഉൽഘാടനത്തിന് മുമ്പേയും വന്നിട്ടുണ്ട്. പക്ഷേ, ഹുദൂറിന്റെ വരവോടെ ഒരു അസാധരണമായ ആത്മീയ വ്യത്യാസം അനുഭവപ്പെടുന്നുണ്ട്. വളരെ ശാന്തമായ അന്തരീക്ഷമാണ്. ഹുദൂറിന്റെ സന്ദേശം വളരെ അത്ഭുതമുളവാക്കുന്നതായിരുന്നു. പ്രത്യേകിച്ചും യു.എസ്.എയുടെ നിലവിലെ അവസ്ഥയിൽ ഇതു വളരെ ഗംഭീരമായിരുന്നു. അവിടത്തെ സന്ദേശം സ്നേഹത്തിന്റേതായിരുന്നു. ഹുദൂർ പറഞ്ഞു: സ്വയം മറ്റുള്ളവരെ ഉയർന്നവരായി മനസ്സിലാക്കുക. നിസ്വാർഥരായി സേവനം ചെയ്യുക. ഇക്കാലത്തെ രാഷ്ട്രീയ ചുറ്റുപാടിൽ നമുക്ക് ഇത്തരം സന്ദേശമാണ് ആവശ്യമായിട്ടുള്ളത്. തന്നെക്കാൾ മറ്റുള്ളവർക്ക് ശ്രേഷ്ഠത നല്കുക. ഇത് ഗംഭീരവും ആത്മീയത തുളുമ്പുന്നതുമായ സന്ദേശമാണ്. സ്വന്തം അയൽവാസികളെ നല്ലവണ്ണം നോക്കുക. മറ്റുള്ളവരുടെ സുഖത്തിന് സ്വന്തം സുഖത്തെക്കാൾ മുൻഗണന നല്കുക. അത്തരം സന്ദർഭങ്ങളിൽ സ്വന്തം ഈഗോയ്ക്ക് ശ്രേഷഠത നല്കുന്നതാണ് കണ്ടുവരുന്നത്. ഹുദൂറിന്റെ സന്ദേശം സ്നേഹവും പ്രീതിയും നിറഞ്ഞതായിരുന്നു. എന്റെ ജില്ലയിൽ ഈ മസ്ജിദ് നിർമിക്കപ്പെട്ടതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിന്റെ നിർമാണ ശ്രമത്തിൽ എന്റേയും പങ്കുണ്ടെന്നതിൽ ഞാൻ അഭിമാനിക്കുന്നു. ഹുദൂർ പറഞ്ഞതുപോലെ നമുക്ക് സമൂഹത്തിൽ ഐക്യമുണ്ടാക്കേണ്ട ആവശ്യമുണ്ട്. ഇത് ഏതെങ്കിലും ഒരു സംഘത്തിന്റെ ശ്രമംകൊണ്ട് നടക്കുകയില്ല. ഓരോരുത്തർക്കും അവരവരുടെ വിഹിതം ഇടേണ്ടതായിവരും.

❋ ഒരു അതിഥി തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറയുന്നു: *'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'* എന്ന സന്ദേശത്തിന്റെ അത്യാവശ്യം നമുക്കുണ്ട്. ഇതിനു സമാനമായ ഒരു സന്ദേശവുമില്ലെന്ന് ഞാൻ കരുതന്നു. ഇവിടുത്തെ അതിഥി സൽക്കാരത്തിൽ ഞാൻ വളരെ ആകർഷിതനാണ്. എത്രമാത്രം സന്തോഷത്തോടും ഉത്സാഹത്തോടും കൂടിയാണോ സ്വാഗതം ചെയ്യപ്പെട്ടത് അത് വളരെ ശ്ലാഘനീയമായിരുന്നു.

❋അർജുൻസിംഗ് ഗുൽ സാഹിബ്, ഇദ്ദേഹം 30 വർഷത്തിലേറെക്കാലം ഇന്ത്യൻ എയർഫോഴ്സിൽ ജോലി ചെയ്തു. മൂന്നു വർഷത്തേക്ക് വാഷിംഗടൺ ഡി.സി.യിൽ ഇന്ത്യൻ ഹൈകമ്മീഷനിൽ ഡിപ്ലോമാറ്റ് എന്ന നിലയിൽ ജോലി ചെയ്തു കഴിഞ്ഞിരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഇന്നത്തെ ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരം കിട്ടിയത് ഞാൻ വലിയ ബഹുമതിയും അഭിമാനവുമായി കാണുന്നു. കാലത്തിന്റെ ഖലീഫയുടെ ഇന്നത്തെ പ്രഭാഷണം വളരെ ആകർഷണീയമായിരുന്നു. സമാധാനത്തിന്റെ അധ്യാപനങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു.

❋സുർജിത് സിംഗ് സിദ്ദു സാഹിബ്, അദ്ദേഹം വെർജീനിയ സിക്കു ഫൗണ്ടേഷന്റെ ചെയർമാനാണ്. അദ്ദേഹം പറയുന്നു: 'എന്റെ ബന്ധം പഞ്ചാബുമായിട്ടാണ്. ഞാൻ ആദ്യം മുതലെ അഹ്മദിയ്യാ ജമാഅത്തിനെ അറിയുന്നയാളാണ്. അഹ്മദിയ്യാ ജമാഅത്തിൽ വിദ്യാസമ്പന്നരായ വലിയൊരു വിഭാഗമുണ്ടെന്നും എനിക്കറിയാം. അഹ്മദിയ്യാ ജമാഅത്ത് മാനവരാശിയുടെ സേവനത്തിന് വിശാലമായ നിലയിൽ ലോകം മുഴുവനുമുള്ള രാജ്യങ്ങളിൽ സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ആ സേവനങ്ങളെല്ലാം ലോകത്ത് പ്രശംസിക്കപ്പെടുകയും ചെയ്യുന്നു. ഹുദൂർ അൻവറിന്റെ ഇന്നത്തെ പ്രഭാഷണം വിജ്ഞാനപ്രദമായിരുന്നു. ഞാൻ ഹൃദയത്തിന്റെ ആഴത്തിൽനിന്ന് ഈ മസ്ജിദിന്റെ നിർമാണത്തിന് അഹ്മദിയ്യാ ജമാഅത്തിന് ആശംസകൾ നേരുന്നു. ഭാവിയിലും ഇവിടെ സർവമതസമ്മേളനങ്ങളും ചർച്ചകളും സംഘടിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു.

❋ ഒരു അതിഥി ലിയോസ്സാറ്റൻ(Leos Staten)സാഹിബ്, അദ്ദേഹം ന്യൂജേഴ്സിയിൽ Chiropractor ആണ്, തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: 'ആദ്യം മുതലെ മുസ്‌ലിമീങ്ങളുമായി എനിക്ക് ഇടപഴകലുകളുണ്ട്. അതുകൊണ്ട് ഇസ്‌ലാമികാധ്യാപനങ്ങൾ എനിക്കറിയാമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാധ്യമങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന ഇസ്‌ലാമിനെ കുറിച്ച് എനിക്ക് മനസ്സിലായിട്ടുണ്ട്. എന്നാൽ, ഹുദൂർ അൻവർ സമയമെടുത്ത് നമ്മളെല്ലാവരേയും ക്ഷണിച്ചു എന്ന കാര്യത്തിലാണ് എനിക്ക് അത്യന്തം സന്തോഷമുണ്ടായത്. നമുക്ക് ഇസ്‌ലാമിന്റെ സത്യസന്ധവും മനോഹരവുമായ അധ്യാപനങ്ങൾ സുവ്യക്തമാക്കിത്തന്നു.

ഒരു സ്ത്രീ ശിനീൻ മദാരാസു(Shineen Madarazu)അവർ ന്യൂജേഴ്സിയിൽ surgical coordinator ആണ്. അവർ പറഞ്ഞു: 'അങ്ങനെ പ്രഭാഷണത്തിൽ ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ കുറിച്ച് നമ്മളോടു വീണ്ടും പറയപ്പെട്ടു. കുറച്ചാളുകളുടെ തെറ്റായ പ്രവർത്തനങ്ങൾ കൊണ്ട് മുഴുവൻ മതത്തേയും കുറ്റവാളികളാക്കുക എന്നത് അക്രമത്തെക്കാൾ ഒട്ടും കുറവല്ല എന്നുതന്നെയാണ് എന്റെ വീക്ഷണവും. ഞങ്ങളുടെ ഇവിടെ അമേരിക്കയിൽ എന്തെങ്കിലുമൊക്കെ അപകടങ്ങളും സംഭവങ്ങളും നിത്യവും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ, അതിന് ഒരു മതത്തെ മുഴുവൻ തെറ്റുകാരായി ചിത്രീകരിക്കുന്നത് തെറ്റുതന്നെയാണ്.'

❋ഒരു അതിഥി സാന്ദ്ര വിൽസൺ(Sandra Wilson)സാഹിബ (Country Government)ൽ ജോലിചെയ്യുകയാണ്. അവർ തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: *'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'* എന്നതിന്റെ സത്യസന്ധമായ ദൃശ്യം നിങ്ങളുടെ ജമാഅത്ത് അവതരിപ്പിക്കുന്നു. ഇന്നത്തെ പ്രഭാഷണത്തിനുശേഷം ഖലീഫത്തുൽ മസീഹ് വർഗവർണ വ്യത്യാസമൊന്നുമില്ലാതെ സമാധാനം മാത്രം ആഗ്രഹിക്കുന്നുവെന്ന് എനിക്ക് പറയാൻ കഴിയും. നമ്മളെല്ലാവരും ഒന്നാണ്. ലോകം മുഴുവനുമുള്ള എല്ലാ പ്രശ്നങ്ങളേയും ഒരു ഭാഗത്ത് വെച്ചുകൊണ്ട് ഇന്ന് നമ്മളെല്ലാവരും ഐക്യം പ്രകടിപ്പിക്കുന്നതിനും ഐക്യത്തിന്റെ അന്തരീക്ഷം സ്ഥാപിക്കുന്നതിനും സംഘടിച്ചിരിക്കുന്നു.

❋ഒരു അതിഥി ഡോക്ടർ ഹമീറ അലി സാഹിബ, Prince William Countryയിൽ ഫ്രീക്ലിനിക്കിന്റെ മെഡിക്കൽ ഡയറക്ടറാണ്. അവർ പറയുന്നു: ഇന്നത്തെ പരിപാടി എന്നെ വല്ലാതെ ആകർഷിച്ചിരിക്കുന്നു. എല്ലാവരും തുറന്ന ഹൃദയത്തോടെ ഞങ്ങളെ സ്വാഗതം ചെയ്യുകയായിരുന്നു. നമ്മളെല്ലാവരും ചേർന്ന് സമാധാനത്തിനും ശാന്തിക്കും നീതിക്കും സമത്വത്തിനും വേണ്ടി നമ്മുടെ ചുവടുകൾ മുന്നോട്ടു വെക്കുന്നുതിനും വരുംതലമുറകൾക്കുവേണ്ടി നല്ലൊരു മാതൃക വിട്ടുവച്ച് പോകുന്നതിനും ഈ സദസ്സിൽ പങ്കെടുത്ത എല്ലാവരുടേയും ശ്രദ്ധ പ്രഭാഷണത്തിൽ ഹുദൂർ അൻവർ ക്ഷണിക്കുകയുണ്ടായി. പ്രഭാഷണത്തിൽ ഹുദൂർ എന്നെ മാത്രം സംബോധന ചെയ്യുന്നതായിട്ടും എനിക്കെന്റെ ഉത്തരവാദിത്വത്തെ കുറിച്ച് പറഞ്ഞുതരുന്നതായിട്ടും തോന്നി.

❋ ഒരു അതിഥി റൂതി ആന്റേഴ്സൻ(Ruthy Anderson)സാഹിബ അവർ Prince William Countryയ്ക്കുവേണ്ടി പ്രവൃത്തിക്കുന്നവരാണ്, ഇങ്ങനെ തന്റെ അഭിപ്രായം വെളിപ്പെടുത്തി: എനിക്ക് ജമാഅത്തിനെ കുറിച്ച് കുറച്ച് വർഷം മുമ്പേ ഒരു അഹ്മദി സ്ത്രീ മുഖേനയാണ് പരിചയപ്പെടാൻ കഴിഞ്ഞത്. ആ അഹ്മദി സ്ത്രീ, അഹ് മദി എന്ന നിലയിൽ വിവിധ കമ്മ്യൂണിറ്റികളിൽ തന്റെ സേവനങ്ങൾ സമർപിച്ചിരുന്നു. വിജയകരമായ എന്തു സേവനങ്ങളാണ് ജമാഅത്ത് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അവർ പറഞ്ഞു. ഇന്നു ഇവിടെ വരാൻ ക്ഷണിക്കുകയും ചെയ്തു. ഇത് എനിക്കൊരു വളരെ വലിയ ബഹുമാതിയാണ്. കാരണം എനിക്ക് ഹുദൂർ അൻവറിനോടൊപ്പം ഒരു ചെറിയ സംഘത്തിൽ സംസാരിക്കാൻ അവസരം കിട്ടി. ആദ്യമെതന്നെ അഹ്മദിയ്യാ ജമാഅത്തുമായി ബന്ധമുള്ള കുറച്ചു സുഹൃത്തുക്കൾ എനിക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ നിങ്ങളുടെ അധ്യാപനങ്ങൾ ഒരു പരിധിവരെ എനിക്കറിയാമായിരുന്നു. കുറെ അറിവുകൾ ഇന്റർനെറ്റിൽനിന്നും മനസ്സിലാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഭാഗ്യവതിയാണ്. എന്നെ ഇവിടെ പ്രഭാഷണങ്ങൾ കേൾക്കുന്നതിന് ക്ഷണിച്ചു. ഹുദൂർ അൻവറിന്റെ പ്രഭാഷണത്തിൽ സമാധാനത്തെ കുറിച്ചും അയൽവാസികളോടുള്ള കടമകളെ കുറിച്ചും പറഞ്ഞത് യാഥാർഥ്യമാണ്. സർവലോകത്തും സമാധാനം സ്ഥാപിതമാകണമെന്ന് ഞാനാഗ്രഹിക്കുന്നു.'

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 04 June 2020 Issue-23

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

❈ ഒരു അതിഥി ബെറി ബർണാഡ് (Berry Bernad)സാഹിബ്, അദ്ദേഹം പോലിസ് ഡിപ്പാർട്ടുമെന്റിൽ കഴിഞ്ഞ 40 വർഷമായി ജോലി ചെയ്തു വരുന്നു. അദ്ദേഹം പറയുന്നു: 'ഈ മസ്ജിദ് നിർമാണത്തിൽ ഞാൻ എല്ലാവർക്കും ആശംസകൾ നേരുന്നു. എനിക്ക് ഇന്നത്തെ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചത് വളരെ വലിയ ബഹുമതിയാണ്.' അതുപോലെതന്നെ പറയുന്നു: 'ഹുദൂർ അൻവറിന്റെ ഈ പ്രഭാഷണത്തിൽ മുഴുലോകത്തിനും സന്ദേശമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിൽ സമാധാനവും ശാന്തിയും സ്നേഹവും പ്രീതിയും, കടമകൾ ഉദ്ധരിച്ച് ആവശ്യമനുസരിച്ചുള്ള ഉപദേശങ്ങളും നല്കിയിരിക്കുന്നു. ഞങ്ങളുടെ ഇവിടെ വിവിധ വർഗ വർണ തലമുറകളുടെ നാലു ലക്ഷത്തി അറുപതിനായിരം ആളുകൾ താമസിക്കുന്നു. ഇന്നത്തെ പ്രഭാഷണത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് അയൽവാസികളോടുള്ള കടമകളായിരുന്നു.

❈ ഒരു അതിഥി റെവറന്റ് ചാർലോട്ടെ റേമണ്ട് (Reverend Charlotte Raymond)സാഹിബ പറയുന്നു: പ്രീതിയും സ്നേഹവും പ്രചരിപ്പിക്കുന്ന ഒരു വിഭാഗം മുസ്‌ലിമീങ്ങളിലുണ്ടെന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

❈ ഒരു അതിഥി ഡോക്ടർ കിമ്പർലി നോർമാൻ ഒറോസ്കൊ (Dr.Kimberly NormanOrosco), അവർ Criminologist ഉം എഴുത്തുകാരിയുമാണ്. പി.എച്ച്.ഡിയും ചെയ്തിട്ടുണ്ട്, പറയുന്നു:'ഹുദൂർ അൻവറിന്റെ ഇന്നത്തെ പ്രഭാഷണത്തിൽ സമാധാനവും നീതിയും ഉദ്ധരിച്ച് വളരെ അഗാധമായ സന്ദേശമാണ് കേൾക്കാൻ കഴിഞ്ഞത്. വർഗ വർണ വ്യത്യാസമില്ലാതെ എല്ലാവരും ഈ സന്ദേശമനുസരിച്ച് ഒത്തൊരുമയുടെ അന്തരീക്ഷം സ്ഥാപിക്കേണ്ടതായി വരും. ഇന്നത്തെ പ്രഭാഷണത്തിൽ ഹുദൂർ അൻവർ ഇസ്‌ലാമിന്റെ യഥാർഥരൂപം മുന്നിൽകൊണ്ടുവന്നു വെച്ചു. അതിന്റെ സംക്ഷിപ്തം സമാധാനത്തിന്റേയും നീതിയുടേയും സമത്വത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ്. തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അവർ കുറച്ച് വികാരഭരിതയായി. കരഞ്ഞുകൊണ്ടു പറഞ്ഞു, ഇക്കാലത്ത് ദ്രോഹത്തിന്റേയും അക്രമത്തിന്റേയും ദൃശ്യങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നവർക്കും മതത്തിന്റെ പേരിൽ നമ്മുടെ കമ്മ്യൂണിറ്റിയിലും രാജ്യത്തും കുഴപ്പങ്ങൾ പ്രചരിപ്പിക്കുന്നവർക്കും മതവുമായി ഒരു ബന്ധവുമില്ല. ഇത് അറിഞ്ഞിരിക്കേണ്ടത് ഓരോ മനുഷ്യനും നിർബന്ധമാണ്.

❈ ഒരു അതിഥി മാർട്ടിൻ നോഹെ(Martin Nohe) സാഹിബ് പറയുന്നു: കൗണ്ടിയിൽ ഈ മസ്ജിദ് നിർമിക്കപ്പെട്ട സ്ഥലത്തുതന്നെയാണ് എന്റെ ജോലിയും. ഹുദൂർ അമേരിക്കയുടെ ഇപ്പോഴത്തെ ആവശ്യമനുസരിച്ച് പ്രീതിയുടേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സന്ദേശം നല്കി. അതു നമ്മളിൽ അഗാധമായി സ്വാധീനമാണ് ചെലുത്തിയത്. ഈ മസ്ജിദിന്റെ നിർമാണത്തോടൊപ്പം ഒരു പുതിയ ആരാധനലായം കൂടി വർധിച്ചു. ഇവിടെ നമുക്കെല്ലാവർക്കും ശാന്തിയും സമാധാനവും അന്വേഷിച്ച് ഏതു സമയത്തും വരാവുന്നതാണ്.

❈ ഒരു അതിഥി ടോണി മാക്സി(Tony Maxi) സാഹിബ അവർ development Dirctor ആണ്. തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് അസംഖ്യം ആശുപത്രികളും സ്കൂളുകളും നടത്തുന്നുവെന്നും ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ പ്രതിഫലേച്ഛ കൂടാതെ കാരുണ്യ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുവെന്നും എനിക്ക് ഇന്ന് അറിയാൻ കഴിഞ്ഞു.'

❈ ഡോക്ടർ കദ്രീൻ ഹെൽനെട്സ് സോയ റ്റ് അദ്ദേഹം ലേന്റോസ് ഫൗണ്ടേഷൻ ഫോർ ഹ്യൂമൻ റൈറ്റ്സ് ആന്റ് ജസ്റ്റീസിന്റെ പ്രസിഡന്റാണ്, പറയുന്നു: ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അവർ ഇതിനുമുമ്പേ കാപിറ്റൽ ഹില്ലിലും ലണ്ടനിലും സംഘടിപ്പിച്ച കോൺഫ്രൻസ് ഓഫ് വേൾഡ് റിലീജ്യണിൽ പങ്കെടുത്തിരുന്നു. അവർ പ്രത്യേകമായ നിലയിൽ തന്റെ ഷെഡ്യൂൾ മാറ്റി ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കുന്നതിന് New Hampshire വന്നതാണ്. അവർ തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: ഖലീഫത്തുൽ മസീഹ് അമേരിക്കയ്ക്കുള്ള ഒരു ആത്മീയ ലേപനമാണ്. അമേരിക്കയ്ക്ക് ഇപ്പോൾ അവിടത്തെ മാർഗനിർദേശത്തിന്റേയും നേതൃത്വത്തിന്റേയും അങ്ങേയറ്റം ആവശ്യമുണ്ട്. അഹ്മദികളുടെ മേലുണ്ടാകുന്ന അക്രമങ്ങളെ പരമർശിച്ചുകൊണ്ട് ഖലീഫത്തിൽ മസീഹ് ധൈര്യത്തിന്റേയും ക്ഷമയുടേയും ഉത്തമ മാതൃകയാണെന്ന് അവർ പറഞ്ഞു. മസ്ജിദുകളുടെ ഉൽഘാടനത്തിൽ അവർ ഹുദൂറിന് ആശംസകൾ നേർന്നു. ഖലീഫത്തുൽ മസീഹ് യു.എസ് അംബാസിഡറിനോടും കോൺഗ്രസ് അംഗങ്ങളോടും എപ്രകാരമാണാ മതസ്വാതന്ത്ര്യത്തെ കുറിച്ച് സംസാരിച്ചത് അതിൽ അവർ സന്തോഷം പ്രകടിപ്പിച്ചു.

❈ അമേരിക്കയിലെ ഗാംബിയാ(Gambia)അംബാസിഡർ Dawda N.Ferdera സാഹിബ് പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് മുഹമ്മദിയ്യ ഉമ്മത്തിന്റെ വളരെ പ്രധാനപ്പെട്ട ഭാഗമാണ്. ലോകത്തുള്ള നന്മകളുടെ ഒരു പ്രധാന സ്തൂപമാണ്. ഗാംബിയായിൽ അഹ്മദിയ്യാ ജമാഅത്ത് സാധാരണക്കാർക്കുവേണ്ടി വളരെയധികം സേവനം ചെയ്യുന്നുണ്ട്. ഞങ്ങൾ കൃഷി, ആരോഗ്യം, വിദ്യഭ്യാസം പോലെയുള്ള പ്രധാനപ്പെട്ട വകുപ്പുകളിൽ അഹ്മദിയ്യ ജമാഅത്തുമായി ചേർന്ന് ജോലി ചെയ്തുകൊണ്ടിരിക്കുന്നു. ഗാംബിയായിൽ പുതിയ പുതിയ ജനാധിപത്യം വന്നിട്ടുണ്ട്. അവിടെ എല്ലാവർക്കും മതസ്വാതന്ത്ര്യമുണ്ട്. ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തുമായി ചേർന്ന് മനുഷ്യരാശിക്കുവേണ്ടി സേവനം ചെയ്തുവരുന്നു. അഹ്മദിയ്യ ജമാഅത്തിന്റെ രീതി വളരെ പോസിറ്റീവാണ്. അത് ജനങ്ങളുടെ വിശ്വാസവും ശക്തമാക്കുന്നു. അല്ലാഹുവിന്റെ സന്ദേശം പ്രചരിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ, അതിനോടൊപ്പം അവർ ജനങ്ങളുടെ ജീവിതം രക്ഷിക്കുന്നതിനുവേണ്ടിയും പ്രവൃത്തിക്കുന്നു.

അദ്ദേഹം ഹദൂറിനെ ഉദ്ധരിച്ച് പറഞ്ഞു: ഹുദൂർ തന്റെ പ്രഭാഷണത്തിൽ നല്കിയ സന്ദേശം വളരെ ചൊവ്വായതും തെളിമയാർന്നതുമായിരുന്നു. അത് മുസ്‌ലിം സമുദായത്തിന് വളരെ ആവശ്യമുണ്ട്. കാരണം ഇസ്‌ലാം, ലോകമതങ്ങളിൽപെടുന്നു. എന്നാൽ, അതിനെ സംബന്ധിച്ച് ധാരാളം തെറ്റുധാരണകളുണ്ട്. ഭീകരവാദത്തിനും ബലാൽക്കാരത്തിനും ഇസ്‌ലാമിൽ ഒരു സ്ഥാനവുമില്ല. ഹുദൂർ വളരെ വ്യക്തമായും പറഞ്ഞു: ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. നമ്മളെല്ലാവരും ചേർന്ന് മനുഷ്യരാശിയുടെ ക്ഷേമത്തിനുവേണ്ടി പണിയെടുക്കേണ്ടതാണ്.' **(തുടരും)**

**The Weekly BADR Qadian (Malayalam)**

ബദർ വീക്കിലി ഖാദിയാൻ Weekly BADAR Qadian Malayalam www.akhbarbadrqadian.in

*https://www.akhbarbadrqadian.in/*

**(പേജ് 1ൽനിന്ന്)**

തങ്ങളുടെ ജോലിയിൽ മുഴുകിയിരിക്കുകയായിരിക്കും. അപ്പോഴാണ് 'മുഅദ്ദിൻ' ബാങ്കു കൊടുക്കുന്നത്. പിന്നീട് അവർ അത് കേൾക്കാനും ആഗ്രഹിക്കുന്നില്ല. അതായത് അതുകേട്ട് അവരുടെ മനസ്സ് സങ്കടപ്പെടുന്നു! ഇക്കൂട്ടർ വളരെ ദയാർഹരാണ്. ഇവിടേയും ചിലയാളുകൾ അങ്ങനെയുണ്ട്. അവരുടെ കടകൾ മസ്ജിദിന്റെ താഴ്ത്താണ്. എന്നാൽ, വല്ലപ്പോഴും ഒന്നുപോയി നിൽക്കുന്നതുപോലുമില്ല. അതിനാൽ ഞാൻ പറയാനാഗ്രഹിക്കുന്നത് അല്ലാഹുവിനോട് അങ്ങേയറ്റം ചുട്ടുനീറ്റലോടും ഒരു ആവേശത്തോടുംകൂടി ഇങ്ങനെ ദുആ ചെയ്യണമെന്നാണ്. അല്ലാഹുവേ, എപ്രകാരം നീ ഫലവർഗങ്ങൾക്കും വസ്തുക്കൾക്കും പലരീതിയിലുള്ള സ്വാദുകൾ പ്രദാനം ചെയ്തിരിക്കുന്നുവോ നമസ്കാരത്തിലും ആരാധനയിലും വെച്ചിട്ടുള്ള സ്വാദ് ഒരു തവണയെങ്കിലും രുചിപ്പിച്ചാലും. തിന്നത് എപ്പോഴും ഓർമയിലുണ്ടാകും. നോക്കൂ! ഒരാൾ ഏതെങ്കിലും ഹൃദയകാരിയായ കാര്യത്തെ ഒരു സന്തോഷത്തോടെ നോക്കിക്കാണുമ്പോൾ അവനത് നല്ല ഓർമയുണ്ടാകും. അവൻ ഏതെങ്കിലും വികൃതമോ വെറുക്കപ്പെടുന്നതോ ആയ വസ്തു കാണുമ്പോഴും അതിന്റെ സകല അവസ്ഥയും അവന്റെ മുമ്പിൽ വരുന്നതായിരിക്കും. ബന്ധമില്ലെങ്കിൽ ഓർമയും ഉണ്ടാകുകയില്ല. ഇപ്രകാരം നമസ്കരിക്കാത്തവരുടെ നോട്ടത്തിൽ നമസ്കാരം ഒരു നികുതിയാണ്. അതായത് അനാവശ്യമായി പ്രഭാതത്തിൽ എഴുന്നേറ്റ് തണുപ്പുവെള്ളത്തിൽ വുളുചെയ്ത് സുഖനിദ്ര ഉപേക്ഷിച്ചും പലവിധ ക്ലേശങ്ങൾ സഹിച്ചും സുഖങ്ങളെല്ലാം കളയേണ്ടിവരുന്നു. വസ്തുത എന്താണെന്നാൽ അവന് നമസ്കാരത്തോടു നീരസമാണ്. അവന് നമസ്കാരത്തെ മനസ്സിലാക്കാൻ കഴിയുന്നില്ല. അതിലുള്ള രുചിയും സന്തോഷവും അവനറിയുകയില്ല. പിന്നെങ്ങനെയാണ് നമസ്കാരത്തിൽ നിർവൃതി കരസ്ഥമാകുന്നത്. ലഹരിക്കടിമയായ ഒരു മദ്യപാനിയ്ക്ക് ലഹരി കൊണ്ടുണ്ടാകുന്ന, മത്തുണ്ടാകുന്നില്ലെങ്കിൽ അവൻ അതുണ്ടാകുന്നതുവരെ കുടിച്ചുകൊണ്ടിരിക്കുന്നു. അവസാനം അവനത് ലഭിക്കുന്നു. ബുദ്ധിമാനും നല്ലവനുമായ മനുഷ്യൻ അതിൽനിന്ന് ഫലമെടുക്കുന്നു. അതായത് അവന് നമസ്കാരത്തിൽ ആത്മീയലഹരി ഉണ്ടാകുന്നതുവരെ അവൻ നമസ്കരിച്ചുകൊണ്ടേയിരിക്കുന്നു. മദ്യപാനിയുടെ മനസ്സിൽ അതിൽനിന്ന് ഒരു ലഹരിയുണ്ടാകുക എന്നത് അവന്റെ ഉദ്ദേശ്യമാണെന്നതുപോലെ നമസ്കാരക്കാരന്റെ മനസ്സിൽ മുഴുവൻ ശക്തിയുടേയും ചായ്‌വ് നമസ്കാരത്തിൽ ആ ആത്മീയമായ സന്തോഷം കരസ്ഥമാക്കുക എന്നതാവണം. പിന്നീട് ഒരു ആത്മാർഥതയോടും ആവേശത്തോടുംകൂടി കുറഞ്ഞപക്ഷം ആ മദ്യപാനി വേദനയും വെപ്രാളവും കാണിക്കുന്നതുപോലെ, നമസ്കാരത്തിലുള്ള ആ നിർവൃതി കരസ്ഥമാകാൻ ഒരു ദുആ ഉണ്ടാകേണ്ടതാണ്. എന്നാൽ, ഞാൻ സത്യമായും സത്യമായും പറയുന്നു: തീർച്ചയായും തീർച്ചയായും നിങ്ങൾക്ക് ആ ആത്മീയ നിർവൃതി ഉണ്ടാകുന്നതായിരിക്കും."(മൽഫൂദാത്ത് വാല്യം 1, പേജ് 140–143, ഖാദിയാൻ പതിപ്പ് 2018)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin